പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 15

# 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 15

# 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ

1316/2026.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 15

# 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന വ്യത്യസ്ത സ്വഭാവത്തിലുള്ള മുതിർന്ന പൗരൻമാരുടെ പരിചരണ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിലെ അടിസ്ഥാന നിലവാരവും സുതാര്യതയും ഉറപ്പുവരുത്തുന്നതിലേക്കായി അവയുടെ രജിസ്ട്രേഷൻ, നിയന്ത്രണം, നിരീക്ഷണം എന്നിവ സാധ്യമാക്കുന്നതിനും, ആരോഗ്യകരവും ഊർജ്ജസ്വലവുമായ വാർദ്ധക്യം പ്രോത്സാഹിപ്പിക്കുന്നതിനും, കുടുംബാംഗങ്ങൾക്കും പരിചരണ ദാതാക്കൾക്കും പിന്തുണയും ശേഷിവികസനവും നൽകുന്നതിനും, സംസ്ഥാനത്തെ മുതിർന്ന പൗരൻമാരുടെ പരിചരണവും അവകാശസംരക്ഷണവും അന്തസ്സും സാമൂഹിക സുരക്ഷയും മെച്ചപ്പെടുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കു വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന വ്യത്യസ്ത സ്വഭാവത്തിലുള്ള മുതിർന്ന പൗരൻമാരുടെ പരിചരണ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിലെ അടിസ്ഥാന നിലവാരവും സുതാര്യതയും ഉറപ്പുവരുത്തുന്നതിലേക്കായി അവയുടെ രജിസ്ട്രേഷൻ, നിയന്ത്രണം, നിരീക്ഷണം എന്നിവ സാധ്യമാക്കുന്നതിനും, ആരോഗ്യകരവും ഊർജ്ജസ്വലവുമായ വാർദ്ധക്യം പ്രോത്സാഹിപ്പിക്കുന്നതിനും, കുടുംബാംഗങ്ങൾക്കും പരിചരണദാതാക്കൾക്കും പിന്തുണയും ശേഷിവികസനവും നൽകുന്നതിനും, സംസ്ഥാനത്തെ മുതിർന്ന പൗരൻമാരുടെ പരിചരണവും അവകാശസംരക്ഷണവും അന്തസ്സും സാമൂഹിക സുരക്ഷയും മെച്ചപ്പെടുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അധ്യായം 1
## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.—(1) ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "പീഡനം" എന്നതിൽ വിശ്വാസവഞ്ചനാപരമായ പീഡനം, സാമ്പത്തിക ദുരുപയോഗം, ലൈംഗിക പീഡനം, വാക്കാലുള്ള അധിക്ഷേപം, നിർബന്ധിത നിയന്ത്രണം, ശാരീരികവും മാനസികവും വൈകാരികവുമായ മുറിവേൽപ്പിക്കൽ, മുതിർന്ന പൗരന് അന്തസ്സായി ജീവിക്കുന്നതിനാവശ്യമായ അടിസ്ഥാന ആവശ്യങ്ങൾ അവഗണിക്കൽ, അവശ്യസാധനങ്ങളും സേവനങ്ങളും നിഷേധിക്കൽ എന്നിവ ഉൾപ്പെടുന്നതാകുന്നു;

(ബി) "സ്വഗൃഹത്തിൽ വാർദ്ധക്യം" എന്നാൽ പ്രായം വരുമാനം കഴിവ് എന്നിവ കണക്കിലെടുക്കാതെ മുതിർന്ന പൗരൻ സാധാരണയായി താമസിക്കുന്നതോ താമസിക്കാൻ തിരഞ്ഞെടുത്തിട്ടുള്ളതോ ആയ വാസസ്ഥലത്തും സമൂഹത്തിലും സുരക്ഷിതമായും സ്വതന്ത്രമായും സൗകര്യപ്രദമായും ജീവിക്കുന്നതിനും തടസ്സരഹിതവും വയോജന സൗഹൃദവുമായ ഒരു സമൂഹം വിഭാവന ചെയ്തുകൊണ്ട്, സമൂഹത്തിന്റെ പിന്തുണയോടെയുള്ള കുടുംബ പരിചരണത്തെ പ്രാഥമിക മാതൃകയായും സ്ഥാപനപരമായ പരിചരണത്തെ അവസാന ആശ്രയമായും ലക്ഷ്യംവച്ച് മുതിർന്ന പൗരന്മാരുടെ ഊർജ്ജസ്വലവും ആരോഗ്യകരവുമായ വാർദ്ധക്യത്തിനായി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും സൗകര്യമൊരുക്കുക എന്നർത്ഥമാകുന്നു;

(സി) "പരിചരണം" എന്നാൽ വയോജനങ്ങളുടെ ശാരീരികവും മാനസികവും വൈകാരികവുമായ ആരോഗ്യവും ക്ഷേമവും മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നർത്ഥമാകുന്നു;

(ഡി) "പരിചരണദാതാവ്" എന്നാൽ സ്വമേധയായോ പ്രതിഫലം സ്വീകരിച്ചുകൊണ്ടുള്ള ഏതെങ്കിലും കരാറിനാലോ ഒരു മുതിർന്ന പൗരന് പരിചരണം നൽകുന്ന ഉത്തരവാദിത്തമുള്ളതും, ദൈനംദിന കൃത്യങ്ങൾ, ആരോഗ്യ പരിപാലനം, ഏകാന്തതയിലെ കൂട്ട് എന്നിവയിൽ സഹായം ആവശ്യമുള്ള മുതിർന്ന പൗരന്മാരുടെ ജീവിതനിലവാരത്തിൽ ഗണ്യമായ മാറ്റം വരുത്തുന്ന തരത്തിൽ, സാന്ത്വന പരിചരണം

ഉൾപ്പെടെയുള്ള നേരിട്ടുള്ള പരിചരണവും ശാരീരികവും വൈകാരികവും വൈദ്യപരവുമായ പിന്തുണയും നൽകുന്നതിന് പരിശീലനം ലഭിച്ചിട്ടുള്ളതുമായ ഒരു വ്യക്തി എന്നർത്ഥമാകുന്നു;

(ഇ) "പരിചരണദാതാക്കളുടെ പരിശീലന കേന്ദ്രം" എന്നാൽ വയോജന പരിചരണത്തിൽ ഏർപ്പെട്ടിരിക്കുന്ന പരിചരണദാതാക്കൾക്കും കുടുംബാംഗങ്ങൾക്കും പരിശീലനം നൽകുന്ന ഒരു സ്ഥാപനമോ ഏജൻസിയോ സംരംഭമോ എന്നർത്ഥമാകുന്നു;

(എഫ്) "പരിചരണവും ക്ഷേമവും" എന്നാൽ മുതിർന്ന പൗരന്മാർക്കുള്ള ഭക്ഷണം വസ്ത്രം പാർപ്പിടം വൈദ്യചികിത്സ യാത്രാസൗകര്യം സാമൂഹിക സേവനങ്ങൾ വിനോദം എന്നിവയ്ക്കുള്ള വ്യവസ്ഥയും, ആത്മീയവും സാമൂഹികവും സാംസ്കാരികവുമായ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തവും, അശക്തരോ ഭിന്നശേഷിക്കാരോ ആയവർക്ക് ആശ്വാസവും അന്തസ്സുള്ള ജീവിതവും മുൻഗണനാപൂർവ്വം നൽകുക എന്നർത്ഥമാകുന്നു;

(ജി) "സൈബർ തട്ടിപ്പ്" എന്നാൽ ഒരു മുതിർന്ന പൗരന് ഹാനി വരുത്തണമെന്ന ഉദ്ദേശ്യത്തോടെയോ അത്തരം ഫലമുളവാക്കുന്ന രീതിയിലോ, പൂർണ്ണമായോ ഭാഗികമായോ ഇലക്ട്രോണിക് ഡിജിറ്റൽ ഓൺലൈൻ സ്വയംപ്രവർത്തിത അൽഗോരിതമിക് അല്ലെങ്കിൽ മറ്റ് സാങ്കേതിക മാർഗ്ഗങ്ങളിലൂടെ ചെയ്യുന്ന ഏതൊരു പ്രവൃത്തിയോ വീഴ്ചയോ എന്നർത്ഥമാകുന്നതും, ഓൺലൈൻ സാമ്പത്തിക അല്ലെങ്കിൽ ബാങ്കിംഗ് തട്ടിപ്പ് വ്യക്തിവിവര മോഷണം അല്ലെങ്കിൽ ദുരുപയോഗം ഒരു മുതിർന്ന പൗരനെ കബളിപ്പിക്കുന്നതിനോ തെറ്റിദ്ധരിപ്പിക്കുന്നതിനോ വഞ്ചിക്കുന്നതിനോ വേണ്ടി കൃത്രിമമായി സൃഷ്ടിച്ചതോ നിർമ്മിതബുദ്ധി ഉപയോഗിച്ച് സൃഷ്ടിച്ചതോ ആയ ഉള്ളടക്കത്തിന്റെ ഉപയോഗം എന്നിവയും ഇതിൽ ഉൾപ്പെടുന്നതും ഈ വകുപ്പിലെ യാതൊന്നും 2000-ലെ ഇൻഫർമേഷൻ ടെക്നോളജി ആക്റ്റിന് (2000-ലെ 21-ാം കേന്ദ്ര ആക്റ്റ്) വിരുദ്ധമായ ഏതെങ്കിലും കുറ്റമോ അന്വേഷണാധികാരമോ നടപടിക്രമമോ സൃഷ്ടിക്കുന്നില്ലെന്നും, ആ ആക്റ്റ് പ്രകാരമോ 2023-ലെ ഭാരതീയ ന്യായ സംഹിത (2023-ലെ 45-ാം കേന്ദ്ര ആക്റ്റ്) പ്രകാരമോ ഉള്ള പ്രോസിക്യൂഷന് ഭംഗം വരാതെ ഏകോപനത്തിനും ഇരയ്ക്കുള്ള പിന്തുണയ്ക്കും മാത്രമുള്ള ഒരു വ്യവസ്ഥയായാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുന്നു;

(എച്ച്) "ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറം" എന്നാൽ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം ജില്ലാതലത്തിൽ രൂപീകരിക്കപ്പെട്ട ഫോറം എന്നർത്ഥമാകുന്നു;

(ഐ) "ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ്" എന്നാൽ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം ജില്ലാതലത്തിൽ രൂപീകരിക്കപ്പെട്ട യൂണിറ്റ് എന്നർത്ഥമാകുന്നു;

(ജെ) "ചൂഷണം" എന്നാൽ ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ സ്വന്തം നേട്ടത്തിനായി മുതിർന്ന പൗരന്റെ സൽപ്പേര് പ്രശസ്തി വ്യക്തിത്വം തുടങ്ങിയ അദൃശ്യ ആസ്തികൾ ഉൾപ്പെടെയുള്ളവ നിയമവിരുദ്ധമായോ അനധികൃതമായോ വഞ്ചനാപരമായോ ഉപയോഗിക്കൽ എന്നർത്ഥമാകുന്നതും അതിൽ സാമ്പത്തിക ചൂഷണം ഉൾപ്പെടുന്നതുമാകുന്നു;

(കെ) "കുടുംബാംഗം" എന്നാൽ മുതിർന്ന പൗരന്റെ പുത്രൻ, പുത്രി, ദത്തെടുത്ത പുത്രൻ, ദത്തെടുത്ത പുത്രി, മരുമകൻ, മരുമകൾ, പൗത്രൻ, പൗത്രി എന്നിവരും, ഇവരുടെ അഭാവത്തിൽ സഹോദരൻ അല്ലെങ്കിൽ സഹോദരി എന്നർത്ഥമാകുന്നതും എന്നാൽ ഇതിൽ മൈനർ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(എൽ) "നിധി" എന്നാൽ 23-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കുന്ന മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള സംസ്ഥാന കരുതൽ നിധി എന്നർത്ഥമാകുന്നു;

(എം) "സർക്കാർ" എന്നാൽ കേരളം സർക്കാർ എന്നർത്ഥമാകുന്നു;

(എൻ) "ഗൃഹപരിചരണ സേവന ഏജൻസി" എന്നാൽ ആവശ്യാനുസരണം പരിചരണദാതാക്കളെ ലഭ്യമാക്കുന്ന ഒരു ഏജൻസിയോ സംഘടനയോ ഏതെങ്കിലും സേവനദാതാവോ എന്നർത്ഥമാകുന്നതും പ്രതിഫലത്തിനോ വേതനത്തിനോ വേണ്ടി പരിചരണദാതാക്കളെ മുതിർന്ന പൗരന്മാരുമായോ അവരുടെ കുടുംബങ്ങളുമായോ ബന്ധിപ്പിക്കുന്ന ഏതൊരു ഡിജിറ്റൽ പ്ലാറ്റ്ഫോമും മൊബൈൽ ആപ്ലിക്കേഷനും വെബ്സൈറ്റും മറ്റ് ഓൺലൈൻ ഇടനിലക്കാരും ഉൾപ്പെടുന്നതുമാകുന്നു;

(ഒ) "ഹോസ്പിസ്" എന്നാൽ മുതിർന്ന പൗരന്മാരുടെ ജീവിതനിലവാരം നിലനിർത്തുന്നതിനും കുടുംബാംഗങ്ങൾക്ക് അവരുടെ പരിചരണത്തിൽ സജീവ പങ്കാളികളാകുന്നതിനുമായി വീട്ടിലോ വീടിന് സമാനമായ സാഹചര്യത്തിലോ സാന്ത്വന പരിചരണവും വൈകാരിക പിന്തുണയും നൽകുന്ന തരത്തിൽ രൂപകൽപന ചെയ്തിട്ടുള്ളതും, രോഗികൾക്കും മാരകരോഗം ബാധിച്ചവർക്കും ഗുരുതര രോഗബാധിതർക്കും പരിചരണം നൽകുന്നതുമായ ഒരു ഭവനമോ സംവിധാനമോ ആതിഥേയ സ്ഥലമോ എന്നർത്ഥമാകുന്നു;

(പി) "അശക്തനായ മുതിർന്ന പൗരൻ" എന്നാൽ ശാരീരികമായി സ്വയം സംരക്ഷിക്കാൻ കഴിവില്ലാത്ത മുതിർന്ന പൗരനോ 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്റ്റിൽ (2016-ലെ 49-ാം കേന്ദ്ര ആക്റ്റ്) നിർവചിച്ചിട്ടുള്ള ഏതെങ്കിലും ഭിന്നശേഷിയുള്ള മുതിർന്ന പൗരനോ എന്നർത്ഥമാകുന്നു;

(ക്യൂ) "നിരാലംബനായ മുതിർന്ന പൗരൻ" എന്നാൽ ഉപജീവനത്തിനായി യാതൊരു വരുമാന മാർഗ്ഗമോ സ്രോതസ്സോ സ്വത്തോ ഇല്ലാത്തതോ സംരക്ഷിക്കുന്നതിനും പരിചരിക്കുന്നതിനും കുടുംബാംഗങ്ങൾ ഇല്ലാത്തതോ കുടുംബാംഗം ഉണ്ടായിരുന്നിട്ടും ആ അംഗം സംരക്ഷിക്കാത്തതിനാൽ അവഗണിക്കപ്പെട്ട ജീവിതം നയിക്കാൻ നിർബന്ധിതനോ ആയ മുതിർന്ന പൗരൻ എന്നർത്ഥമാകുന്നു;

(ആർ) "അന്തസ്സുള്ള ജീവിതം" എന്നാൽ ഏതുതരത്തിലുള്ള ചൂഷണത്തിൽ നിന്നും മാനസികവും ശാരീരികവുമായ പീഡനത്തിൽ നിന്നും മുക്തമായി സുരക്ഷിതത്വത്തോടെ അന്തസ്സുള്ള ജീവിതം നയിക്കുന്നതിനുള്ള സൗകര്യങ്ങളോടു കൂടിയ ജീവിതം എന്നർത്ഥമാകുന്നു;

(എസ്) "ലിവിംഗ് വിൽ" എന്നാൽ വീട്ടിലോ ഏതെങ്കിലും മുതിർന്ന പൗര പരിചരണ കേന്ദ്രത്തിലോ കഴിയുന്ന മുതിർന്ന പൗരന്മാർ ജീവിതാന്ത്യത്തിൽ, തങ്ങളെ ജീവനോടെ നിലനിർത്തുന്നതിനുള്ള ശസ്ത്രക്രിയ ഐ.വി. ഫ്ലൂയിഡുകൾ കീമോതെറാപ്പി ഓക്സിജൻ തീവ്രപരിചരണ വിഭാഗത്തിലെ പ്രവേശനം ശരീരത്തിൽ കടത്തിവയ്ക്കുന്ന ട്യൂബുകൾ മറ്റ് വൈദ്യസഹായ ഉപാധികൾ എന്നിവ ഒഴിവാക്കുന്നതുൾപ്പെടെയുള്ള തീരുമാനങ്ങളിൽ തങ്ങളുടെ മുൻഗണനകൾ നിശ്ചയിച്ച് തങ്ങളുടെ ആഗ്രഹങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് എഴുതി തയ്യാറാക്കുന്ന പ്രഖ്യാപനം എന്നർത്ഥമാകുന്നു;

(റ്റി) "തദ്ദേശ സ്വയംഭരണ സ്ഥാപനം" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു പഞ്ചായത്തോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു മുനിസിപ്പാലിറ്റിയോ എന്നർത്ഥമാകുന്നു;

(യു) "മൈനർ" എന്നാൽ 1875-ലെ ഇൻഡ്യൻ മെജാറിറ്റി ആക്റ്റിലെ (1875-ലെ 9-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം പ്രായപൂർത്തിയാകാത്ത ഒരു വ്യക്തി എന്നർത്ഥമാകുന്നു;

(വി) "മൾട്ടി സർവീസ് ഡേ കെയർ സെന്റർ അഥവാ പകൽവീട്" എന്നാൽ പകൽ പരിപാലന സൗകര്യങ്ങൾ നൽകുന്നതിനായി സർക്കാരോ തദ്ദേശ സ്ഥാപനമോ ഏതെങ്കിലും സംഘടനയോ വ്യക്തിയോ സ്ഥാപിച്ച് പരിപാലിക്കുന്നതും, അപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും, മുതിർന്ന പൗരന്മാരുടെ സജീവവും ഊർജ്ജസ്വലവുമായ വാർദ്ധക്യത്തിനുള്ള കേന്ദ്രമായും പ്രവർത്തിക്കുന്ന ഒരു സ്ഥാപനം എന്നർത്ഥമാകുന്നു;

(ഡബ്ല്യൂ) "മുതിർന്ന പൗരന്മാർക്കായുള്ള നോഡൽ ഓഫീസർ" എന്നാൽ സംസ്ഥാന സർക്കാർ നിർദ്ദിഷ്ട പ്രദേശത്തിനുള്ളിൽ മുതിർന്ന പൗരന്മാരുമായി ബന്ധപ്പെട്ട വിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി നിയോഗിക്കുന്ന ഓരോ

പോലീസ് സ്റ്റേഷനിലും അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെന്നും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഓരോ പോലീസ് ഉദ്യോഗസ്ഥനെന്നും അർത്ഥമാകുന്നു;

(എക്സ്) "അതിവൃദ്ധർ" എന്നാൽ എൺപത് വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർ എന്നർത്ഥമാകുന്നു;

(വൈ) "സംഘടന" എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും തൽസമയം പ്രാബല്യത്തിലുള്ളതും ഏതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഏതൊരു സന്നദ്ധ സംഘടനയോ സ്വകാര്യ സംഘടനയോ സർക്കാരിതര സംഘടനയോ സൊസൈറ്റിയോ ട്രസ്റ്റോ ഏജൻസിയോ സാമൂഹിക സംരംഭമോ എന്നർത്ഥമാകുന്നു;

(ഇസഡ്) "സാന്ത്വന പരിചരണം" എന്നാൽ ജീവന് ഭീഷണിയായ രോഗവുമായി ബന്ധപ്പെട്ട് ശാരീരികമോ മാനസികമോ സാമൂഹികമോ ആത്മീയമോ ആയ വെല്ലുവിളികൾ നേരിടുന്ന മുതിർന്ന പൗരന്മാരുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്ന ഒരു സമീപനം എന്നർത്ഥമാകുന്നതും മുതിർന്ന പൗരന്മാർക്കുള്ള 'അന്ത്യഘട്ട പരിചരണവും' പിന്തുണാസംവിധാനവും ഉൾപ്പെടുന്നതുമാകുന്നു;

(ഇസഡ് എ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഇസഡ് ബി) "സ്വത്ത്" എന്നാൽ ജംഗമമോ സ്ഥാവരമോ പിതൃസ്വത്തോ സ്വയാർജ്ജിതമോ ദൃശ്യമോ അദൃശ്യമോ ആയ ഏതുതരം സ്വത്തും എന്നർത്ഥമാകുന്നതും അത്തരം സ്വത്തിലുള്ള അവകാശങ്ങളും താൽപര്യങ്ങളും ഇതിൽ ഉൾപ്പെടുന്നതുമാണ്;

(ഇസഡ് സി) "അവകാശ സംരക്ഷണം" എന്നാൽ മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ, പരിചരണം, ക്ഷേമം എന്നിവ സംബന്ധിച്ച പൊതുതത്വങ്ങൾ ഉറപ്പാക്കുന്നതിനും സംരക്ഷിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ എന്നർത്ഥമാകുന്നു;

(ഇസഡ് ഡി) "രജിസ്ട്രാർ" എന്നാൽ മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളുടെയോ സമാന സ്വഭാവമുള്ള മറ്റ് സ്ഥാപനങ്ങളുടെയോ രജിസ്ട്രേഷനായി സർക്കാർ നിയോഗിക്കുന്ന, ഈ ആക്റ്റിലെ 11-ാം വകുപ്പ് പ്രകാരമുള്ള രജിസ്ട്രാർ എന്നർത്ഥമാകുന്നു;

(ഇസഡ് ഇ) "ബന്ധു" എന്നാൽ മക്കളില്ലാത്ത ഒരു മുതിർന്ന പൗരന്റെ, മൈനർ അല്ലാത്തതും അദ്ദേഹത്തിന്റെ മരണശേഷം സ്വത്ത് കൈവശം വയ്ക്കുന്നതോ അനന്തരാവകാശമായി ലഭിക്കുന്നതോ ആയ ഏതൊരു നിയമപരമായ അവകാശിയും എന്നർത്ഥമാകുന്നു;

(ഇസഡ് എഫ്) "വിശ്രമ പരിചരണം" എന്നാൽ സ്ഥിരം പ്രാഥമിക പരിചരണദാതാവിന് ഹ്രസ്വകാല ആശ്വാസം ലഭിക്കുന്നതിനായി, അതിവൃദ്ധർക്കോ പ്രത്യേകിച്ച് കിടപ്പിലായ അതിവൃദ്ധർക്കോ തീവ്രപരിചരണം ആവശ്യമുള്ള ഗുരുതര രോഗബാധിതരായ മുതിർന്ന പൗരന്മാർക്കോ നൽകുന്ന താൽക്കാലികമോ ഹ്രസ്വകാലമോ ആയ പരിചരണം എന്നർത്ഥമാകുന്നു;

(ഇസഡ് ജി) "മുതിർന്ന പൗരൻ" എന്നാൽ ഇന്ത്യൻ പൗരനും അറുപതോ അതിലധികമോ വയസ്സ് പൂർത്തിയായതുമായ ഏതൊരു വ്യക്തിയും എന്നർത്ഥമാകുന്നു;

(ഇസഡ് എച്ച്) "മുതിർന്ന പൗര പരിചരണ കേന്ദ്രം" എന്നാൽ ഫീസ് ഈടാക്കിയോ ഈടാക്കാതെയോ മുതിർന്ന പൗരന്മാരുടെ പരിചരണം, ക്ഷേമം, അവകാശ സംരക്ഷണം എന്നിവയ്ക്കായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന ഒരു സ്ഥാപനമോ പരിചരണ ഭവനമോ ഏജൻസിയോ അഭയകേന്ദ്രമോ സമാന സ്വഭാവമുള്ള മറ്റ് സംവിധാനമോ എന്നർത്ഥമാകുന്നതും, മുതിർന്ന പൗര പരിചരണ ഭവനം, മുതിർന്ന പൗരന്മാർക്കുള്ള മൾട്ടി സർവീസ് ഡേ കെയർ സെന്റർ, മുതിർന്ന പൗരന്മാർക്കുള്ള മറ്റേതെങ്കിലും പകൽ പരിപാലന കേന്ദ്രം, വിശ്രമ പരിചരണ കേന്ദ്രം, ഹോസ്പിസ് പരിചരണ സ്ഥാപനം, ഗൃഹപരിചരണ സേവന ഏജൻസി, പരിചരണദാതാക്കളുടെ പരിശീലന കേന്ദ്രം, ഏത് പേരിൽ അറിയപ്പെട്ടാലും ഏതെങ്കിലും തരത്തിലുള്ള വയോജന സേവനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സമാന സ്വഭാവമുള്ള മറ്റ് സ്ഥാപനങ്ങൾ ഏജൻസികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നതും, എന്നാൽ 2007-ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റിലെ (2007-ലെ 56-ാം കേന്ദ്ര ആക്റ്റ്) III-ാം അധ്യായത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സർക്കാർ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന വൃദ്ധസദനങ്ങളും 2017-ലെ മെന്റൽ ഹെൽത്ത്കെയർ ആക്റ്റിന്റെ (2017-ലെ 10-ാം കേന്ദ്ര ആക്റ്റ്) പരിധിയിൽ വരുന്ന ദീർഘകാല പരിചരണ ഭവനങ്ങളും യൂണിറ്റുകളും ഇതിൽ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(ഇസഡ് ഐ) "മുതിർന്ന പൗര പരിചരണ ഭവനം" എന്നാൽ ഫീസ് ഈടാക്കിയോ ഈടാക്കാതെയോ മുതിർന്ന പൗരന്മാരുടെ പരിചരണത്തിനും ക്ഷേമത്തിനുമായി താമസസൗകര്യം നൽകുന്ന ഒരു ഭവനമോ അഭയകേന്ദ്രമോ എന്നർത്ഥമാകുന്നതും, ഒരു സർക്കാരിതര സംഘടനയോ സർക്കാരോ നടത്തുന്ന റിട്ടയർമെന്റ് ഹോം, അസിസ്റ്റഡ് ലിവിംഗ് സൗകര്യം, ഹോസ്പിസുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നതുമാകുന്നു;

(ഇസഡ് ജെ) "സംസ്ഥാനം" എന്നാൽ കേരളം സംസ്ഥാനം എന്നർത്ഥമാകുന്നു;

(ഇസഡ് കെ) "സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റ്" എന്നാൽ ഈ ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കുന്ന ഒരു യൂണിറ്റ് എന്നർത്ഥമാകുന്നു.

## അധ്യായം II

## മുതിർന്ന പൗരന്മാരുടെ പൊതുതത്വങ്ങളും അവകാശങ്ങളും

3. പൊതുതത്വങ്ങൾ.—സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മറ്റ് സർക്കാർ ഏജൻസികളും ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളും, അതതു സംഗതിപോലെ, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുമ്പോൾ താഴെപ്പറയുന്ന അടിസ്ഥാന തത്വങ്ങളാൽ നയിക്കപ്പെടേണ്ടതാണ്, അതായത്:—

(i) അന്തസ്സിനും ആദരവിനുമുള്ള അവകാശ തത്വം: ഓരോ മുതിർന്ന പൗരനും എല്ലാത്തരം ചൂഷണങ്ങളിൽ നിന്നും മാനസികവും ശാരീരികവുമായ പീഡനങ്ങളിൽ നിന്നും മുക്തമായി സുരക്ഷിതത്വത്തോടെ അന്തസ്സുള്ള ജീവിതം നയിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. പ്രായം, ലിംഗം, വംശപരമോ വർഗ്ഗപരമോ ആയ പശ്ചാത്തലം, ഭിന്നശേഷി, മറ്റ് സംഗതികൾ എന്നിവ പരിഗണിക്കാതെ മുതിർന്ന പൗരന്മാരോട് നീതിപൂർവ്വം പെരുമാറേണ്ടതും അവരുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുക്കാതെ തന്നെ അവരെ വിലമതിക്കേണ്ടതുമാണ്.

(ii) ഉത്തമ താൽപ്പര്യ തത്വം: വിശ്വാസവും ആദരവും ആത്മവിശ്വാസവും വളർത്തുന്നതിനായി, മുതിർന്ന പൗരന്മാരെ സംബന്ധിക്കുന്ന എല്ലാ തീരുമാനങ്ങളും അവരുടെ ഉത്തമ താൽപര്യത്തിന് പ്രാഥമിക പരിഗണന നൽകിക്കൊണ്ടും പിന്തുണയോടെയുള്ള തീരുമാനമെടുക്കലിന് മുൻഗണന നൽകിക്കൊണ്ടും അത് സാധ്യമല്ലാത്ത സന്ദർഭങ്ങളിൽ മാത്രം പകരം തീരുമാനമെടുക്കൽ അവലംബിച്ചുകൊണ്ടും കൈക്കൊള്ളേണ്ടതാണ്.

(iii) സ്വഗൃഹത്തിൽ വാർദ്ധക്യം, ഗൃഹാധിഷ്ഠിത പരിചരണം എന്നിവ സംബന്ധിച്ച തത്വം: മുതിർന്ന പൗരൻ കഴിയുന്നിടത്തോളം സ്വന്തം വീട്ടിൽ താമസിക്കേണ്ടതും വീട്ടിൽ തന്നെ ആരോഗ്യകരവും ഊർജസ്വലവുമായ വാർദ്ധക്യം സാധ്യമാക്കുന്നതിനായി കുടുംബാംഗങ്ങളോ ബന്ധുക്കളോ നിയമപരമായ അവകാശികളോ അവർക്ക് മതിയായ പരിചരണം നൽകേണ്ടതുമാണ്. ഓരോ മുതിർന്ന പൗരനും സ്വഗൃഹത്തിൽ വാർദ്ധക്യം ചിലവഴിക്കുന്നതിന് അവസരം നൽകേണ്ടതും സ്ഥാപനപരമായ പരിചരണം അവസാന മാർഗ്ഗമായിരിക്കേണ്ടതുമാണ്. ശാരീരികവും മാനസികവും വൈകാരികവുമായ ക്ഷേമം പരമാവധി നിലനിർത്തുന്നതിന് സഹായിക്കുന്ന ആരോഗ്യപരിരക്ഷാ സൗകര്യങ്ങൾ മുതിർന്ന പൗരന്മാർക്ക് പ്രാപ്യമായിരിക്കേണ്ടതാണ്.

(iv) സുരക്ഷ, സംരക്ഷണം, സാമൂഹിക പരിചരണ ആവാസവ്യവസ്ഥ എന്നിവ സംബന്ധിച്ച തത്വം: മുതിർന്ന പൗരന്മാർ സുരക്ഷിതരാണെന്നും യാതൊരുവിധ ദുഷ്പെരുമാറ്റത്തിനോ മാനസികമോ ശാരീരികമോ ആയ പീഡനത്തിനോ വിധേയരാകുന്നില്ലെന്നും ഉറപ്പാക്കുന്നതിന് എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്. മാനുഷികവും സുരക്ഷിതവുമായ അന്തരീക്ഷത്തിൽ സംരക്ഷണവും പുനരധിവാസവും സാമൂഹികവും മാനസികവുമായ ഉത്തേജനവും നൽകുന്ന ഉചിതമായ തലത്തിലുള്ള സ്ഥാപന പരിചരണം പ്രയോജനപ്പെടുത്താൻ മുതിർന്ന പൗരന്മാർക്ക് കഴിയേണ്ടതാണ്. ജീവിതത്തിലുടനീളം വ്യക്തികളുടെ മാറിവരുന്ന ആവശ്യങ്ങൾക്ക് മുൻഗണന നൽകുന്ന അവകാശാധിഷ്ഠിതവും സംയോജിതവുമായ ഒരു ആരോഗ്യ-സാമൂഹിക പരിചരണ ആവാസവ്യവസ്ഥയുടെ പുരോഗമനപരമായ സാക്ഷാത്കാരം സംസ്ഥാനം ഉറപ്പാക്കേണ്ടതാണ്. ഈ ആക്റ്റ് പ്രകാരമുള്ള എല്ലാ നയങ്ങളും വിഭവ വിഹിതങ്ങളും സേവന വിതരണ ചട്ടക്കൂടുകളും രോഗങ്ങളുടെ പ്രതിരോധം, ആരോഗ്യകരമായ വാർദ്ധക്യത്തിന്റെ പ്രോത്സാഹനം, സ്വന്തം പരിചരണ തീരുമാനങ്ങളിൽ വ്യക്തികളുടെയും സമൂഹങ്ങളുടെയും സജീവ പങ്കാളിത്തം എന്നിവയിൽ അധിഷ്ഠിതമായിരിക്കേണ്ടതാണ്.

(v) സ്വാതന്ത്ര്യ തത്വം: മുതിർന്ന പൗരന്മാർക്ക് തൊഴിലെടുക്കുന്നതിനോ മറ്റ് വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനോ അവസരം ഉണ്ടായിരിക്കേണ്ടതാണ്. ഭക്ഷ്യസുരക്ഷ, പാർപ്പിടം, ആരോഗ്യപരിരക്ഷാ സൗകര്യങ്ങൾ, സന്നദ്ധ വാർദ്ധക്യ തയ്യാറെടുപ്പ് പരിപാടികൾ, ഉചിതമായ ഇൻഷ്വറൻസ് പദ്ധതികൾ, ചൂഷണത്തിനും പീഡനത്തിനും എതിരായ സംരക്ഷണം എന്നിവ ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉറപ്പാക്കുന്നതിന് മുതിർന്ന പൗരന്മാർക്ക് സംസ്ഥാന പിന്തുണ ഉറപ്പാക്കേണ്ടതാണ്. വീട്ടിൽ താമസിക്കുമ്പോഴും ഏതെങ്കിലും ആരോഗ്യ പരിരക്ഷാ സ്ഥാപനത്തിലോ ചികിത്സാ സ്ഥാപനത്തിലോ അഭയം തേടുമ്പോഴും അവരുടെ അന്തസ്സ്, വിശ്വാസങ്ങൾ, ആവശ്യങ്ങൾ, സ്വകാര്യത എന്നിവയോടുള്ള പൂർണ്ണ ആദരവും മാർഗ്ഗനിർദ്ദേശങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം 'ലിവിംഗ് വിൽ' തയ്യാറാക്കുന്നതിനുള്ള അവകാശം ഉൾപ്പെടെ തങ്ങളുടെ പരിചരണത്തെയും ജീവിത നിലവാരത്തെയും കുറിച്ച് തീരുമാനമെടുക്കുന്നതിനുള്ള അവകാശവും മനുഷ്യാവകാശങ്ങളും മൗലിക സ്വാതന്ത്ര്യങ്ങളും അനുഭവിക്കാൻ അവർക്ക് കഴിയേണ്ടതാണ്.

(vi) പങ്കാളിത്ത തത്വം: നയരൂപീകരണത്തിൽ മുതിർന്ന പൗരന്മാരുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കേണ്ടതാണ്. തങ്ങളുടെ കഴിവുകൾ സാക്ഷാത്കരിക്കുന്നതിനുള്ള അവസരങ്ങൾ തേടുന്നതിനും സമൂഹത്തിലെ വിദ്യാഭ്യാസ, സാംസ്കാരിക, ആത്മീയ, വിനോദ സ്രോതസ്സുകൾ പ്രാപ്യമാക്കുന്നതിനും അവർക്ക് കഴിയേണ്ടതാണ്. സംഘടനകളോ പ്രസ്ഥാനങ്ങളോ രൂപീകരിക്കുന്നതിനും മറ്റുള്ളവരുമായി കൂട്ടായ്മകളിൽ

ഏർപ്പെടുന്നതിനും അവർക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടതാണ്. സംസ്ഥാനത്തിനും യുവതലമുറയ്ക്കും മുതിർന്ന പൗരന്മാരുടെ അനുഭവങ്ങളിൽ നിന്നും അഭിപ്രായങ്ങളിൽ നിന്നും പ്രയോജനം ലഭിക്കുന്നതിനായി, തങ്ങളുടെ അറിവും നൈപുണ്യവും യുവതലമുറയുമായി പങ്കുവയ്ക്കാൻ പ്രാപ്തരാക്കുന്ന തരത്തിൽ അവരെ സമൂഹവുമായി സംയോജിപ്പിക്കുകയും സമൂഹത്തിൽ സജീവമായി ഇടപെടാൻ അവസരമൊരുക്കുകയും ചെയ്യേണ്ടതാണ്.

4. മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ.—സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മറ്റ് സർക്കാർ ഏജൻസികളും ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളും, അതതു സംഗതിപോലെ, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുമ്പോൾ താഴെപ്പറയുന്ന അവകാശങ്ങൾ ഉറപ്പാക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്, അതായത്:—

(i) മുതിർന്ന പൗരരായ വനിതകൾക്കുള്ള മുൻഗണനാ സംരക്ഷണം:— വനിതയായ ഓരോ മുതിർന്ന പൗരനും, അവർ വിധവയോ ഉപേക്ഷിക്കപ്പെട്ടവരോ ഭിന്നശേഷിക്കാരോ അതിക്രമത്തെ അതിജീവിച്ചവരോ ഭവനരഹിതരോ നിരാലംബരോ ആണെങ്കിൽ, അവർക്ക്, സർക്കാരോ തദ്ദേശ അധികാരസ്ഥാനമോ സ്ഥാപിച്ചതോ അവയുടെ ഉടമസ്ഥതയിലുള്ളതോ അവ നിയന്ത്രിക്കുന്നതോ അവയിൽ നിന്ന് സഹായം ലഭിക്കുന്നതോ ആയ മുതിർന്ന പൗര പരിചരണ കേന്ദ്രത്തിൽ മുൻഗണനാടിസ്ഥാനത്തിൽ അഭയവും പ്രവേശനവും ലഭിക്കുന്നതിനും, മൾട്ടി സർവ്വീസ് ഡേകെയർ സെന്ററുകളിലോ പകൽവീടുകളിലോ മുൻഗണനാടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(ii) പരിചരണം ലഭ്യമാകുന്നതിനുള്ള അവകാശം: സർക്കാരോ തദ്ദേശ അധികാരസ്ഥാനമോ സ്ഥാപിച്ചതോ അവയുടെ ഉടമസ്ഥതയിലുള്ളതോ അവ നിയന്ത്രിക്കുന്നതോ അവയിൽ നിന്ന് സഹായം ലഭിക്കുന്നതോ ആയ മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളിലൂടെ, താങ്ങാവുന്ന ചെലവിലും മികച്ച ഗുണനിലവാരത്തിലും മതിയായ അളവിലും ഭൂമിശാസ്ത്രപരമായി പ്രാപ്യമായ രീതിയിലും, ലിംഗം, ലൈംഗികത, ലൈംഗിക ആഭിമുഖ്യം, മതം, സംസ്കാരം, ജാതി, സാമൂഹികമോ രാഷ്ട്രീയമോ ആയ വിശ്വാസങ്ങൾ, വർഗ്ഗം, ഭിന്നശേഷി എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം കൂടാതെയും, ഗൃഹപരിചരണ സേവനങ്ങൾ, പകൽ പരിപാലന കേന്ദ്രങ്ങളിലെ സഹായിത ജീവിത സൗകര്യങ്ങൾ, വിശ്രമ പരിചരണം, സാന്ത്വന പരിചരണം, ഹോസ്പിസ് പരിചരണം, അടിയന്തര വൈദ്യസഹായം എന്നിവ ലഭ്യമാകുന്നതിന് ഓരോ മുതിർന്ന പൗരനും അവകാശമുണ്ടായിരിക്കുന്നതാണ്.

(iii) <u>സുരക്ഷിതമായ പൊതു ഇടങ്ങൾക്കുള്ള അവകാശം</u>:—മുതിർന്ന പൗര സൗഹൃദ പ്രവേശനക്ഷമത ഉറപ്പാക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന പ്രവേശനക്ഷമതാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ പൊതുകെട്ടിടങ്ങളും പൊതു സൗകര്യങ്ങളും സേവനങ്ങളും മറ്റ് പൊതു ഇടങ്ങളും സാർവത്രിക രൂപകൽപ്പനാതത്വങ്ങൾ അനുസരിച്ച്, റാമ്പുകൾ മുൻഗണനാ ഇരിപ്പിടങ്ങൾ കൃ പ്രാപ്യമായ ശുചിമുറികൾ എന്നിവയ്ക്ക് ഓരോ മുതിർന്ന പൗരനും അവകാശമുണ്ടായിരിക്കുന്നതാണ്.

(iv) <u>ഡിജിറ്റൽ ഉൾച്ചേർക്കലിനും സുരക്ഷയ്ക്കുമുള്ള അവകാശം</u>:— പരിമിതമായ ഡിജിറ്റൽ സാക്ഷരതയുള്ളവർക്ക് പ്രാപ്യമായ രീതിയിൽ സർക്കാർ സേവനങ്ങൾ ബാങ്കിംഗ്-സാമ്പത്തിക സേവനങ്ങൾ ടെലിമെഡിസിൻ, വിവരാവകാശം, വിദ്യാഭ്യാസം, വരുമാന അവസരങ്ങൾ, മറ്റ് ഡിജിറ്റൽ സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും ഡിജിറ്റൽ ഇതര ബദലുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനും ഓരോ മുതിർന്ന പൗരനും അവകാശമുണ്ടായിരിക്കുന്നതാണ്. ലളിതമായ ഇന്റർഫേസുകൾ, വലിയ അക്ഷരങ്ങൾ, ശബ്ദസഹായ സംവിധാനം, ഹൈ കോൺട്രാസ്റ്റ് ഡിസ്‌പ്ലേ മോഡുകൾ എന്നിവ ഉൾപ്പെടെ, മുതിർന്ന പൗരന്മാരുടെ ഉപയോഗത്തിനായി രൂപകൽപന ചെയ്ത സംസ്ഥാന ഡിജിറ്റൽ പോർട്ടലുകൾക്കുള്ള പ്രവേശനക്ഷമതാ മാനദണ്ഡങ്ങൾ സർക്കാർ വിജ്ഞാപനം ചെയ്യേണ്ടതും, മൾട്ടി സർവ്വീസ് ഡേകെയർ സെന്ററുകൾ അഥവാ പകൽവീടുകൾ മുഖേനയും ഉചിതമെന്ന് കരുതുന്ന മറ്റ് സ്ഥലങ്ങൾ മുഖേനയും മുതിർന്ന പൗരന്മാർക്കായി ഒരു ഡിജിറ്റൽ സാക്ഷരതാ പരിപാടി ആരംഭിക്കേണ്ടതുമാണ്. കൂടാതെ, മുതിർന്ന പൗരരായ ഉപയോക്താക്കളെ സൈബർ തട്ടിപ്പിൽ നിന്ന് സംരക്ഷിക്കുന്നതിനായി, പ്രത്യേക പോലീസ് സൈബർ സെല്ലുകൾ അവരുടെ പരാതികൾക്ക് മുൻഗണന നൽകേണ്ടതും, ധനകാര്യ സ്ഥാപനങ്ങൾ ഇടപാട് അറിയിപ്പുകൾ, ഐച്ഛികമായ സെക്കന്ററി കോൺടാക്ട് അറിയിപ്പുകൾ തുടങ്ങിയ പ്രത്യേക സുരക്ഷാ സംവിധാനങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

(v) <u>നിയമസഹായത്തിനുള്ള അവകാശം</u>:— ഈ ആക്റ്റ് പ്രകാരമുള്ള തങ്ങളുടെ അവകാശങ്ങൾ നടപ്പാക്കുന്നതിനോ സംരക്ഷിക്കുന്നതിനോ വേണ്ടി, നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി ലീഗൽ സർവീസസ് അതോറിറ്റികൾ മുഖേനയും കേരളം സംസ്ഥാന വയോജന കമ്മീഷൻ മുഖേനയും നിയമസഹായത്തിനും നിയമസാക്ഷരതയ്ക്കും ഓരോ മുതിർന്ന പൗരനും അവകാശമുണ്ടായിരിക്കുന്നതാണ്.

(vi) <u>അന്തസ്സ് സംരക്ഷിക്കുന്ന ഉൽപ്പന്നങ്ങൾ ലഭ്യമാകുന്നതിനുള്ള അവകാശം</u>:— ചലനസഹായ ഉപകരണങ്ങൾ, ശ്രവണസഹായികൾ, കണ്ണടകൾ, മൂത്ര-മല നിയന്ത്രണ ഉൽപന്നങ്ങൾ, സമാനമായ സഹായ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള അവശ്യ

വയോജന പരിചരണ ഉൽപ്പന്നങ്ങൾ സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്ക് പ്രാപ്യവും ന്യായവുമായ വിലയിൽ ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(vii) ദുരുപയോഗം റിപ്പോർട്ട് ചെയ്യലും റിപ്പോർട്ട് ചെയ്യുന്നവർക്കുള്ള സംരക്ഷണവും:—ഒരു മുതിർന്ന പൗരൻ പീഡനത്തിനോ അവഗണനയ്ക്കോ ചൂഷണത്തിനോ വിധേയനാകുന്നുവെന്ന് വിശ്വസിക്കാൻ കാരണമുള്ള ഓരോ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറും ഓരോ മുതിർന്ന പൗര പരിചരണ കേന്ദ്രവും അക്കാര്യം ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിനെ അറിയിക്കേണ്ടതാണ്. ഗണ്യമായ ഹാനി വരുത്താൻ ഇടയുള്ള കാലയളവിൽ ഒരു രോഗിക്ക് ഭക്ഷണമോ വെള്ളമോ മരുന്നോ നിഷേധിക്കപ്പെട്ടുവെന്നോ, പറയപ്പെടുന്ന വിവരണവുമായി പൊരുത്തപ്പെടാത്ത ശാരീരിക പരിക്ക് ഏറ്റിട്ടുണ്ടെന്നോ ഉള്ളതിന് അത്തരം പ്രാക്ടീഷണർക്കോ കേന്ദ്രത്തിനോ ക്ലിനിക്കൽ തെളിവ് ലഭിക്കുന്നപക്ഷം, പരിശോധന നടത്തി നാൽപ്പത്തിയെട്ട് മണിക്കൂറിനുള്ളിൽ അത്തരം റിപ്പോർട്ട് നൽകേണ്ടതാണ്.

## അധ്യായം III
## സംസ്ഥാന ജില്ലാതല സ്ഥാപന സംവിധാനം

5. സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന്റെ രൂപീകരണം.—(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്ടിന്റെ പ്രാരംഭ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ താഴെപ്പറയുന്ന പ്രകാരം ഒരു സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) മുതിർന്ന പൗര വകുപ്പ് ഡയറക്ടർ - ചെയർപേഴ്സൺ (എക്സ്-ഒഫീഷ്യോ);

(ബി) മുതിർന്ന പൗര വകുപ്പ് അഡീഷണൽ ഡയറക്ടർ – കോ-ചെയർപേഴ്സൺ (എക്സ്-ഒഫീഷ്യോ);

(സി) ലോ ഓഫീസർ - അംഗം;

(ഡി) ഒരു സാമൂഹിക പ്രവർത്തകൻ - അംഗം;

(ഇ) ഒരു ടെക്നിക്കൽ അസിസ്റ്റന്റ് - അംഗം.

(2) സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റിലെ ജീവനക്കാരുടെ യോഗ്യത, പരിചയം, സേവന വ്യവസ്ഥകളും നിബന്ധനകളും എന്നിവ സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ കാലാവധി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരവും, അവരുടെ ഫീസും മറ്റ് ബത്തകളും മാർഗ്ഗനിർദ്ദേശങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരവും ആയിരിക്കുന്നതാണ്.

(4) സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന്റെ അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(5) നയരൂപീകരണം, ആസൂത്രണം, പരിപാടികളുടെ നിർവ്വഹണം, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഉപദേശം നൽകുന്നതിനായി, വയോജന പരിചരണം, പൊതുജനാരോഗ്യം, സാമൂഹിക പ്രവർത്തനം, ജെൻഡർ പഠനം എന്നിവയിലെയും അത്തരം മറ്റ് മേഖലകളിലെയും വിദഗ്ധരെ ഉൾപ്പെടുത്തി, സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റിനെ സഹായിക്കുന്നതിന് സർക്കാർ ഒരു സാങ്കേതിക ഉപദേശക സമിതി രൂപീകരിക്കേണ്ടതാണ്.

(6) സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

6. <u>ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറത്തിന്റെ രൂപീകരണം</u>.—(1) സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ഓരോ ജില്ലയിലും താഴെപ്പറയുന്ന പ്രകാരം ഒരു ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറം രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) ജില്ലാ കളക്ടർ - ചെയർപേഴ്സൺ (എക്സ്-ഒഫീഷ്യോ);

(ബി) ജില്ലാ പോലീസ് മേധാവി - അംഗം (എക്സ്-ഒഫീഷ്യോ);

(സി) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് - അംഗം (എക്സ്-ഒഫീഷ്യോ);

(ഡി) ജില്ലാ മെഡിക്കൽ ഓഫീസർ - അംഗം (എക്സ്-ഒഫീഷ്യോ);

(ഇ) സെക്രട്ടറി, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി - അംഗം (എക്സ്-ഒഫീഷ്യോ);

(എഫ്) മുതിർന്ന പൗര വകുപ്പിന്റെ ജില്ലാ ഓഫീസർ - കൺവീനർ (എക്സ്-ഒഫീഷ്യോ);

(ജി) നിയമം, സാമൂഹിക പ്രവർത്തനം, ധനകാര്യം, വയോജന പരിചരണം, പൊതുജനാരോഗ്യം എന്നീ മേഖലകളിൽ വിദഗ്ധരായ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പ്രശസ്തരായ രണ്ട് മുതിർന്ന പൗരന്മാർ, അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, വയോജന പരിചരണ മേഖലയിലെ മറ്റ് വിദഗ്ധരും ജീവനക്കാരും.

(2) എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ കാലാവധി അവരുടെ ഫീസ് മറ്റ് ബത്തകൾ എന്നിവ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരവും ആയിരിക്കുന്നതാണ്.

7. <u>ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറത്തിന്റെ ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളും</u>.—ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറത്തിന്റെ ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളും താഴെപ്പറയുന്നവയായിരിക്കും, അതായത്:—

(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ബന്ധപ്പെട്ട ജില്ലയിലെ മുതിർന്ന പൗരന്മാരുടെ പരിചരണം, ക്ഷേമം, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിനായി ജില്ലയിലെ ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുകയും മേൽനോട്ടം വഹിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നതും, രജിസ്ട്രാറോ സർക്കാരോ കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന മറ്റ് കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതും ഫോറത്തിന്റെ കർത്തവ്യമായിരിക്കുന്നതാണ്;

(2) ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് മുഖേന നടപ്പാക്കുന്ന മുതിർന്ന പൗരന്മാരുടെ സംരക്ഷണം, പരിചരണം, ക്ഷേമം, സാമൂഹിക സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട സർക്കാരിന്റെ നയങ്ങളും പദ്ധതികളും പ്ലാനുകളും പരിപാടികളും നിരീക്ഷിക്കുക;

(3) മുതിർന്ന പൗരന്മാരുടെ സംരക്ഷണം, പരിചരണം, ക്ഷേമം, സാമൂഹിക സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട്, ജില്ലയിൽ സർക്കാർ ഏജൻസികളോ ഏതെങ്കിലും വ്യക്തിയോ സർക്കാരിതര സംഘടനയോ സ്ഥാപിച്ചിട്ടുള്ള മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുക;

(4) മുതിർന്ന പൗരന്മാരുടെ സംരക്ഷണം, പരിചരണം, ക്ഷേമം, സാമൂഹിക സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രാദേശികതല സംഘടനകളെ സജ്ജമാക്കുക;

(5) ഫോറത്തിന് ലഭിക്കുന്നതോ ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് ഫോറം മുമ്പാകെ സമർപ്പിക്കുന്നതോ ആയ, ഏതെങ്കിലും മുതിർന്ന പൗര പരിചരണ കേന്ദ്രത്തെക്കുറിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും, ജില്ലയിലെ മുതിർന്ന പൗരന്മാരുടെ പരിചരണം, ക്ഷേമം, സംരക്ഷണം എന്നിവ സംബന്ധിച്ച പരാതികളിൽ സ്വമേധയാ നടപടി സ്വീകരിക്കുകയും ചെയ്യുക;

(6) ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന്റെ നിർദ്ദേശം പാലിക്കാതെ പ്രവർത്തനം തുടരുന്ന മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങൾ അടച്ചുപൂട്ടുന്നതിനും അത്തരം കേന്ദ്രങ്ങളിലെ അന്തേവാസികളെ പുനരധിവസിപ്പിക്കുന്നതിനും ഉചിതമായ നടപടി സ്വീകരിക്കുകയും, മുതിർന്ന പൗര വകുപ്പ് ഡയറക്ടർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഇതു സംബന്ധിച്ച റിപ്പോർട്ട് രജിസ്ട്രാർക്ക് സമർപ്പിക്കുകയും ചെയ്യുക;

(7) സർക്കാർ ഫോറത്തിന് നൽകുന്നതോ ഏൽപ്പിക്കുന്നതോ ആയ മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

8. ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന്റെ രൂപീകരണം.—(1) ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറത്തെയും രജിസ്ട്രാറെയും സഹായിക്കുന്നതിനായി, സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ആറ് മാസത്തിനുള്ളിൽ ഓരോ ജില്ലയിലും താഴെപ്പറയുന്ന പ്രകാരം ഒരു ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) മുതിർന്ന പൗര വകുപ്പിന്റെ ജില്ലാ ഓഫീസർ - ചെയർപേഴ്സൺ (എക്സ്-ഒഫീഷ്യോ);

(ബി) മുതിർന്ന പൗര വകുപ്പിന്റെ ജില്ലാ ഓഫീസിലെ പ്രോഗ്രാം ഓഫീസർ - കോ-ചെയർപേഴ്സൺ (എക്സ്-ഒഫീഷ്യോ);

(സി) ലീഗൽ ഓഫീസർ - അംഗം;

(ഡി) ഒരു സാമൂഹിക പ്രവർത്തകൻ - അംഗം;

(ഇ) ഒരു ടെക്നിക്കൽ അസിസ്റ്റന്റ് - അംഗം.

(2) ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിലെ ജീവനക്കാരുടെ യോഗ്യത, പരിചയം, സേവന വ്യവസ്ഥകളും നിബന്ധനകളും എന്നിവ സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ കാലാവധിയും അവരുടെ ഫീസും മറ്റ് ബത്തകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

9. ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന്റെ ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളും.—ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് താഴെപ്പറയുന്ന ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുകയും അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്, അതായത്:—

(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ജില്ലാതല നിർവ്വഹണ യൂണിറ്റായി ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കേണ്ടതാണ്;

(2) ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന് ലഭിക്കുന്നതോ ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറത്തിൽ നിന്ന് അയച്ചുകിട്ടുന്നതോ ആയ പരാതികളിൽ ഉചിതമെന്ന് കരുതുന്ന അന്വേഷണം നടത്തുകയും, തുടർനടപടികൾ സ്വീകരിക്കുന്നതിനായി, അത്തരം പരാതി ലഭിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനുള്ളിൽ അന്വേഷണ റിപ്പോർട്ട് പരാതിയും രേഖകളും സഹിതം ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറത്തിന് സമർപ്പിക്കുകയും ചെയ്യുക;

(3) മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളുടെ രജിസ്ട്രേഷനുള്ള അപേക്ഷയിൽ സമയബന്ധിതമായി അന്വേഷണം നടത്തി, ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറത്തെ അറിയിച്ചശേഷം രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും അപേക്ഷ ന്യൂനതയുള്ളതാണെങ്കിൽ, മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ന്യൂനതകൾ പരിഹരിച്ച് വീണ്ടും സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്;

(4) രജിസ്റ്റർ ചെയ്യാത്തതോ അനധികൃതമോ ആയ ഏതെങ്കിലും മുതിർന്ന പൗര പരിചരണ കേന്ദ്രം ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് അന്വേഷിച്ച് ഉറപ്പാക്കുകയും അപ്രകാരം കണ്ടെത്തുന്നപക്ഷം, വിശദമായ പരിശോധന നടത്തി മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത കാലയളവിനുള്ളിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി പരിശോധനാ റിപ്പോർട്ട് രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കുകയും ചെയ്യുക;

(5) തന്റെ അധികാരപരിധിയിലുള്ള മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളിലോ കുടുംബപരമോ ഗാർഹികമോ സാമൂഹികമോ ആയ സാഹചര്യങ്ങളിലോ മുതിർന്ന പൗരന്മാർക്കെതിരെയുള്ള ഏതെങ്കിലും പീഡനമോ ക്രൂരതയോ സംബന്ധിച്ച് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ ഏതെങ്കിലും സ്രോതസ്സിൽ നിന്നോ വ്യക്തിയിൽ നിന്നോ ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിലോ സ്വമേധയാ അന്വേഷണം നടത്തുകയും, തുടർനടപടികൾക്കായി ഉടൻതന്നെ ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറത്തിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുക;

(6) ഏതെങ്കിലും മുതിർന്ന പൗരൻ വീട്ടിലോ ഏതെങ്കിലും മുതിർന്ന പൗര പരിചരണ കേന്ദ്രത്തിലോ വച്ച് തയ്യാറാക്കിയിട്ടുള്ള ലിവിംഗ് വിൽ, വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സ്വത്തും മറ്റ് വിലപിടിപ്പുള്ള വസ്തുക്കളും ദാനം ചെയ്യുന്നതിനുള്ള കരാർ, ശരീരശാസ്ത്ര ഗവേഷണത്തിനും പഠനത്തിനുമായി മരണശേഷം ശരീരം ദാനം ചെയ്യുന്നതിനുള്ള വിൽപത്രമോ കരാറോ എന്നിവ ഉണ്ടെങ്കിൽ അവ സംബന്ധിച്ച കാലികമായ രേഖകൾ സൂക്ഷിക്കുകയും, ഈ രേഖകളിലെ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ ശരിയായി പാലിക്കപ്പെടുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുക;

(7) ജില്ലയ്ക്കുള്ളിൽ, കുടുംബാംഗമോ ബന്ധുവോ നിയമപരമായ അവകാശിയോ ഉള്ളതോ ഇല്ലാത്തതോ ആയ ഒരു പരിചരണ കേന്ദ്രത്തിലെ മരണമടഞ്ഞ ഏതൊരു അന്തേവാസിയുടെയും ദഹിപ്പിക്കലിനോ സംസ്കാരത്തിനോ ചെയ്തിട്ടുള്ള ക്രമീകരണങ്ങളും അത്തരം അന്തേവാസി സ്ഥാവര സ്വത്തുക്കൾ ഉൾപ്പെടെയുള്ള തന്റെ വിലപിടിപ്പുള്ള വസ്തുക്കൾ സംസ്ഥാന കരുതൽ നിധിയിലേക്കോ മറ്റാർക്കെങ്കിലുമോ ദാനം ചെയ്യുന്നതിനുള്ള കരാർ തയ്യാറാക്കിയിട്ടുള്ള സംഗതികളും ഉൾപ്പെടെ നിരീക്ഷിക്കുക;

(8) 2007-ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റിലെ (2007-ലെ 56-ാം ആക്റ്റ്) വ്യവസ്ഥകൾക്ക് വിധേയമായി, അഭയം ആവശ്യമുള്ള നിരാലംബരായ മുതിർന്ന പൗരന്മാരുടെ സംരക്ഷണവും പരിചരണവും ക്ഷേമവും ഉറപ്പാക്കുന്നതിനായി അവരെ അനുയോജ്യമായ ഒരു പരിചരണ കേന്ദ്രത്തിൽ പുനരധിവസിപ്പിക്കുക;

(9) മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളുടെയും പരിചരണദാതാക്കളുടെ പരിശീലന കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും പരിശോധിച്ച് ഉറപ്പാക്കുക;

(10) ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറവും രജിസ്ട്രാറും കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുക;

(11) ജില്ലയിലെ വയോജന പരിചരണ കേന്ദ്രങ്ങളുടെ, വിവര സുരക്ഷാ സംവിധാനത്തോടു കൂടിയ, കാലികമായ ഡാറ്റാബേസ് നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ സൂക്ഷിക്കുകയും, രജിസ്റ്ററുകൾ സൂക്ഷിക്കുകയും, രജിസ്ട്രാർക്ക് വാർഷിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുക;

(12) രജിസ്ട്രാറും സർക്കാരും കാലാകാലങ്ങളിൽ നൽകുന്നതോ ഏൽപ്പിക്കുന്നതോ ആയ മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

## അധ്യായം IV

## മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളുടെ സ്ഥാപനവും പ്രവർത്തനവും

10. <u>മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളുടെ സ്ഥാപനവും പ്രവർത്തനവും</u>.—(1) സർക്കാരിനോ ഏതൊരു വ്യക്തിക്കോ ഏതൊരു സംഘടനയ്ക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അസോസിയേഷനോ ഏതൊരു ഏജൻസിക്കോ മുതിർന്ന പൗരന്മാരുടെ പരിചരണത്തിനും സംരക്ഷണത്തിനും ക്ഷേമത്തിനുമായി, മുതിർന്ന പൗര പരിചരണ ഭവനം, പകൽ പരിപാലന കേന്ദ്രം, റിട്ടയർമെന്റ് ഹോം, ഗൃഹപരിചരണ സേവന

ഏജൻസി, പകൽവീട്, പരിചരണദാതാക്കളുടെ പരിശീലന കേന്ദ്രം, അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനം, അത് ഏത് പേരിൽ അറിയപ്പെട്ടാലും, സ്ഥാപിക്കാവുന്നതും പ്രവർത്തിപ്പിക്കാവുന്നതുമാണ്.

(2) ഏതെങ്കിലും വ്യക്തിയോ സംഘടനയോ അസോസിയേഷനോ ഏജൻസിയോ തദ്ദേശ സ്വയംഭരണ സ്ഥാപനമോ സ്ഥാപിച്ച്, പ്രതിഫലത്തോടു കൂടിയോ അല്ലാതെയോ പ്രവർത്തിപ്പിക്കുന്ന ഓരോ മുതിർന്ന പൗര പരിചരണ കേന്ദ്രത്തിനും സർക്കാർ നിർണ്ണയിക്കുന്ന മിനിമം നിലവാരങ്ങളും സൗകര്യങ്ങളും പരിചരണ ഏകോപനവും, റഫറൽ, തുടർ സംവിധാനങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

(3) ഓരോ മുതിർന്ന പൗര പരിചരണ കേന്ദ്രവും അവിടെ താമസിക്കുന്നവരോ അതിന്റെ സേവനം ഉപയോഗിക്കുന്നവരോ ആയ അന്തേവാസികൾക്ക് സാമൂഹികമോ സാംസ്കാരികമോ മറ്റ് വിനോദപരമോ ആയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

(4) ഓരോ മുതിർന്ന പൗര പരിചരണ കേന്ദ്രവും അവിടെ താമസിക്കുന്നതോ അതിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതോ ആയ മുതിർന്ന പൗരന്മാർക്ക് ഒരു തരത്തിലുമുള്ള ചൂഷണങ്ങളോ പീഡനങ്ങളോ ഉണ്ടാകാതെ അന്തസ്സുള്ളതും സുരക്ഷിതവുമായ ജീവിതം നയിക്കാൻ കഴിയുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

(5) താഴെ പറഞ്ഞിട്ടുള്ള ഓരോ വിഭാഗം മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളുടെയും നടത്തിപ്പിനായി സർക്കാർ പ്രത്യേകം മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കേണ്ടതും മുതിർന്ന പൗരന്മാരുടെ പരിചരണത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനും ആവശ്യമായതും, ഓരോ മുതിർന്ന പൗര പരിചരണ കേന്ദ്രവും നൽകേണ്ടതുമായ വിവിധ തരം സേവനങ്ങളുടെ മിനിമം നിലവാരം നിശ്ചയിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും, അത്തരം കേന്ദ്രങ്ങൾ നൽകുന്ന സേവനങ്ങളുടെ വ്യവസ്ഥകളും നിബന്ധനകളും ഉൾപ്പെടുത്തേണ്ടതുമാണ്, അതായത്:—

(എ) മുതിർന്ന പൗരന്മാർക്ക് രാപ്പകൽ അഭയം നൽകുന്ന മുതിർന്ന പൗര പരിചരണ ഭവനങ്ങൾ;

(ബി) പകൽവീട് പോലെയോ, ഏത് പേരിൽ അറിയപ്പെട്ടാലുമോ, മുതിർന്ന പൗരന്മാർക്ക് പകൽ പരിപാലന സേവനങ്ങൾ നൽകുന്ന പകൽ പരിപാലന കേന്ദ്രങ്ങൾ;

(സി) പരിചരണദാതാക്കളുടെ പരിശീലന കേന്ദ്രങ്ങൾ;

(ഡി) മുതിർന്ന പൗര പരിചരണത്തിനായി ആവശ്യാനുസരണം പരിചരണ ദാതാക്കളെ ലഭ്യമാക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഗൃഹപരിചരണ സേവന ഏജൻസികൾ;

(ഇ) മുതിർന്ന പൗരന്മാർക്കായുള്ള മറ്റേതെങ്കിലും തരത്തിലുള്ള സ്ഥാപനമോ സംവിധാനമോ.

## അധ്യായം V

## മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളുടെ രജിസ്ട്രേഷൻ

11. രജിസ്ട്രാർ.—(1) സംസ്ഥാനത്ത് സ്ഥാപിക്കുന്ന എല്ലാത്തരം മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളുടെയും രജിസ്ട്രേഷനായി സർക്കാർ, മുതിർന്ന പൗര വകുപ്പ് ഡയറക്ടറെ രജിസ്ട്രാറായി നിയോഗിക്കേണ്ടതാണ്.

(2) സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ, ഓരോ തരം പരിചരണ കേന്ദ്രങ്ങളുടെയും രജിസ്ട്രേഷനായി രജിസ്ട്രാർ പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താൻ പാടില്ലെന്ന വ്യവസ്ഥയോടെ, സുരക്ഷിതമായ ഒരു ഇ-രജിസ്ട്രേഷൻ പോർട്ടലും പൊതുജനങ്ങൾക്ക് തിരയാവുന്ന ഒരു രജിസ്ട്രിയും വികസിപ്പിക്കുന്നതിന് രജിസ്ട്രാർ നടപടി സ്വീകരിക്കേണ്ടതാണ്.

(3) രജിസ്ട്രേഷനായി ലഭിക്കുന്ന എല്ലാ അപേക്ഷകളും ബന്ധപ്പെട്ട രേഖകളും മറ്റ് പ്രമാണങ്ങളും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും ഈ ആക്റ്റ് പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവുകളും രജിസ്ട്രാർ തന്റെ ഓഫീസിൽ സ്ഥിരം രേഖകളായി സൂക്ഷിക്കേണ്ടതാണ്.

12. മുതിർന്ന പൗര പരിചരണ കേന്ദ്രത്തിന്റെ രജിസ്ട്രേഷൻ.—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് ശേഷം സ്ഥാപിക്കുന്ന ഓരോ മുതിർന്ന പൗര പരിചരണ കേന്ദ്രവും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്.

(2) ഒരു മുതിർന്ന പൗര പരിചരണ കേന്ദ്രത്തിന്റെ രജിസ്ട്രേഷനായി, അത്തരം കേന്ദ്രത്തിന്റെ ചുമതലയുള്ള അധികാരി, ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, ബന്ധപ്പെട്ട രേഖകളും പ്രമാണങ്ങളും സഹിതം, നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ, ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് മുഖേന രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കുന്നതും, അപ്രകാരം ഒടുക്കുന്ന ഫീസ് ഈ ആക്റ്റ് പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന കരുതൽ നിധിയിൽ വരവു വയ്ക്കേണ്ടതുമാണ്.

(3) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പ് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം ഇതിനകം രജിസ്റ്റർ ചെയ്ത് സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന, മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളും സമാനമായ മറ്റ് സ്ഥാപനങ്ങളും, നിർണ്ണയിക്കപ്പെടാവുന്ന ഫീസ് ഒടുക്കി, നിലവിലുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും മറ്റ് ബന്ധപ്പെട്ട രേഖകളും സഹിതം, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് മുഖേന രജിസ്ട്രാർ മുമ്പാകെ രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(4) ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ്, ഫീസ് ഒടുക്കിയതിന്റെ രസീതും ബന്ധപ്പെട്ട രേഖകളും സഹിതം അപേക്ഷ ലഭിക്കുമ്പോൾ, വിശദമായ അന്വേഷണം നടത്തി, അതതു സംഗതിപോലെ, നിർണ്ണയിക്കപ്പെട്ട ഫാറത്തിലുള്ള വിശദമായ റിപ്പോർട്ട് ശുപാർശ സഹിതം രജിസ്ട്രാർക്ക് നൽകേണ്ടതാണ്. രജിസ്ട്രേഷനുള്ള അപേക്ഷ ന്യൂനതയുള്ളതാണെങ്കിൽ, നിർണ്ണയിക്കപ്പെട്ട നിശ്ചിത സമയപരിധിക്കുള്ളിൽ ന്യൂനതകൾ പരിഹരിച്ച് വീണ്ടും സമർപ്പിക്കുന്നതിനുള്ള നിർദ്ദേശത്തോടെ ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് അത് അപേക്ഷകന് തിരികെ നൽകേണ്ടതാണ്.

(5) മേൽപ്പറഞ്ഞ പ്രകാരം ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചും മറ്റ് ബന്ധപ്പെട്ട രേഖകൾ യഥാവിധി പരിഗണിച്ചും, രജിസ്ട്രാർ ഒന്നുകിൽ മുതിർന്ന പൗര പരിചരണ കേന്ദ്രം രജിസ്റ്റർ ചെയ്യുകയോ അല്ലെങ്കിൽ നിരസിക്കുന്നതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തിയ ശേഷം അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്.

(6) രജിസ്ട്രേഷന് ശേഷം, രജിസ്ട്രാർ ഓരോ വിഭാഗം മുതിർന്ന പൗര പരിചരണ കേന്ദ്രത്തിനുമായി ഇതിനായി സൂക്ഷിക്കുന്ന രജിസ്റ്ററിൽ മുതിർന്ന പൗര പരിചരണ കേന്ദ്രത്തിന്റെ പേരും മറ്റ് വിവരങ്ങളും രേഖപ്പെടുത്തേണ്ടതും, ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

(7) അപ്രകാരം അനുവദിക്കുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മറ്റുവിധത്തിൽ റദ്ദാക്കപ്പെടാത്ത പക്ഷം, അത് നൽകിയ തീയതി മുതൽ നാല് വർഷക്കാലത്തേക്ക് പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ കാലാകാലങ്ങളിൽ പുതുക്കാവുന്നതുമാണ്.

(8) അപേക്ഷ നിരസിക്കപ്പെടുന്നപക്ഷം, അതു സംബന്ധിച്ച കാരണസഹിതമുള്ള ഉത്തരവ് അപേക്ഷകനെയും ബന്ധപ്പെട്ട ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിനെയും അറിയിക്കേണ്ടതാണ്.

(9) രജിസ്ട്രാറുടെ തീരുമാനത്താൽ സങ്കടം അനുഭവിക്കുന്ന കക്ഷിക്ക് ഉത്തരവ് ലഭിച്ച് മുപ്പത് ദിവസത്തിനുള്ളിൽ മുതിർന്ന പൗര വകുപ്പ് സർക്കാർ സെക്രട്ടറി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതും, അതിന്മേൽ സർക്കാർ ബന്ധപ്പെട്ട കക്ഷികളെ കേട്ട ശേഷം ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതും, സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(10) നിരസിക്കൽ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യാത്തതോ ഫയൽ ചെയ്ത അപ്പീൽ നിരസിക്കപ്പെട്ടതോ ആയ സംഗതിയിൽ, നിർണ്ണയിക്കപ്പെട്ട പ്രകാരം അത്തരം കേന്ദ്രം അടച്ചുപൂട്ടുന്നതിനും അവിടെ താമസിക്കുന്ന അന്തേവാസികളെ പുനരധിവസിപ്പിക്കുന്നതിനും ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(11) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ, സാധുതാകാലയളവ് അവസാനിക്കുന്നതിന് അറുപത് ദിവസങ്ങൾക്ക് മുമ്പായി സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന പുതുക്കൽ ഫീസ് സഹിതം, നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ, ബന്ധപ്പെട്ട ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് മുഖേന രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും, അപ്രകാരം ഒടുക്കുന്ന ഫീസ് സംസ്ഥാന കരുതൽ നിധിയിൽ വരവു വയ്ക്കേണ്ടതുമാണ്.

(12) ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ്, അപേക്ഷ ലഭിക്കുമ്പോൾ, മുതിർന്ന പൗര പരിചരണ കേന്ദ്രം പരിശോധിച്ച്, മുപ്പത് ദിവസത്തിനുള്ളിൽ അതിന്റെ റിപ്പോർട്ട് ശുപാർശ സഹിതം രജിസ്ട്രാർക്ക് നൽകേണ്ടതാണ്.

(13) 12-ാം വകുപ്പിലെ (11)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിൽ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളപക്ഷം, ആ അപേക്ഷ അന്തിമമായി തീർപ്പാക്കുന്നതുവരെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രാബല്യത്തിൽ തുടരുന്നതായി കരുതപ്പെടുന്നതാണ്.

(14) 12-ാം വകുപ്പിലെ (11)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിന് ശേഷവും, എന്നാൽ സർട്ടിഫിക്കറ്റിന്റെ കാലാവധി അവസാനിച്ച് മുപ്പത് ദിവസം കഴിയുന്നതിന് മുമ്പും സമർപ്പിക്കുന്ന പുതുക്കുന്നതിനുള്ള അപേക്ഷ, നിർണ്ണയിക്കപ്പെടാവുന്ന പിഴ ഫീസ് ഒടുക്കുന്നതിന്മേൽ, രജിസ്ട്രാർക്ക് സ്വീകരിക്കാവുന്നതാണ് ആ കാലയളവിനുള്ളിൽ യാതൊരു അപേക്ഷയും സമർപ്പിക്കാത്തപക്ഷം, സർട്ടിഫിക്കറ്റ് കാലഹരണപ്പെടുന്നതും ആ കേന്ദ്രം ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് രജിസ്റ്റർ ചെയ്യാത്ത മുതിർന്ന പൗര പരിചരണ കേന്ദ്രമായി കരുതപ്പെടുന്നതുമാണ്.

(15) രജിസ്ട്രേഷനുള്ള അപേക്ഷ നിരസിക്കുന്നതിനുള്ള വ്യവസ്ഥകൾ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ നിരസിക്കുന്നതിനും ബാധകമായിരിക്കുന്നതാണ്.

(16) ഏതെങ്കിലും മുതിർന്ന പൗര പരിചരണ കേന്ദ്രം ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ആറ് മാസ കാലയളവ് കഴിഞ്ഞിട്ടും ഈ ആക്റ്റ് പ്രകാരമുള്ള രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തനം തുടരുന്നപക്ഷം, ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ്, പരാതി ലഭിക്കുന്ന മുറയ്ക്കോ സ്വമേധയായോ അന്വേഷണം നടത്തി, എതിർകക്ഷിയെ കേട്ടതിന് ശേഷം വിശദമായ റിപ്പോർട്ട് തയ്യാറാക്കി ശിപാർശകൾ സഹിതം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

(17) (16)-ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകാരം ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിൽ നിന്ന് റിപ്പോർട്ട് ലഭിക്കുമ്പോൾ, രജിസ്ട്രാർ, നിർണ്ണയിക്കപ്പെട്ട പിഴ

ച്ചമത്തേണ്ടതും, രജിസ്ട്രേഷനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കാവുന്നതുമാണ്. പിഴത്തുക ഈടാക്കി ഈ ആക്റ്റ് പ്രകാരം സ്ഥാപിക്കുന്ന സംസ്ഥാന കരുതൽ നിധിയിലേക്ക് വരവു വയ്ക്കേണ്ടതും രജിസ്ട്രേഷനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കാവുന്നതുമാണ്.

(18) 11-ാം വകുപ്പ് പ്രകാരം അനുവദിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഉടമ,—

(എ) സർട്ടിഫിക്കറ്റ് നൽകുന്നതിനോ പുതുക്കുന്നതിനോ ഉള്ള ഏതെങ്കിലും അപേക്ഷയുമായി ബന്ധപ്പെട്ട് സുപ്രധാന വിവരങ്ങളിൽ തെറ്റായതോ വ്യാജമായതോ ആയ പ്രസ്താവന നടത്തിയിട്ടുണ്ടെന്നോ; അല്ലെങ്കിൽ

(ബി) ചട്ടങ്ങളുടെയോ സർട്ടിഫിക്കറ്റ് അനുവദിച്ചതിനുള്ള ഏതെങ്കിലും വ്യവസ്ഥകളുടെയോ ലംഘനം നടത്തുകയോ നടത്തിക്കുകയോ ചെയ്തിട്ടുണ്ടെന്നോ,

രജിസ്ട്രാർക്ക് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, ഉചിതമെന്ന് കരുതുന്ന അന്വേഷണം നടത്തിയ ശേഷം, ഉത്തരവ് മുഖേന, രജിസ്ട്രാർക്ക് സർട്ടിഫിക്കറ്റ് റദ്ദാക്കാവുന്നതാണ്:

എന്നാൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്തുകൊണ്ട് റദ്ദാക്കരുത് എന്നതിന് കാരണം കാണിക്കുന്നതിന് സർട്ടിഫിക്കറ്റ് ഉടമയ്ക്ക് അവസരം നൽകാതെ അത്തരം ഉത്തരവ് പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

13. <u>ഡിജിറ്റൽ പ്ലാറ്റ്ഫോമുകളായോ അവ മുഖേനയോ പ്രവർത്തിക്കുന്ന ഗൃഹപരിചരണ സേവന ഏജൻസികളുടെ തുടർ ബാദ്ധ്യതകൾ</u>.—ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം, മൊബൈൽ ആപ്ലിക്കേഷൻ, വെബ്സൈറ്റ് അല്ലെങ്കിൽ ഓൺലൈൻ ഇടനിലക്കാരൻ പ്രവർത്തിപ്പിക്കുന്നതോ അവ മുഖേന പരിചരണദാതാക്കളെ ഏർപ്പെടുത്തുന്നതോ ആയ ഓരോ ഗൃഹപരിചരണ സേവന ഏജൻസിയും, ഈ അധ്യായം പ്രകാരമുള്ള രജിസ്ട്രേഷൻ ബാദ്ധ്യതകൾക്ക് പുറമേ, മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ, അതായത്:—

(എ) 18-ാം വകുപ്പ് പ്രകാരമുള്ള പരിചരണദാതാക്കളുടെ സംസ്ഥാന രജിസ്റ്ററുമായി ഒത്തുനോക്കി സ്ഥിരീകരിച്ച് അവർ മുഖേന നിയോഗിക്കപ്പെടുന്ന പരിചരണദാതാക്കളുടെ കൃത്യവും തുടർച്ചയായി പുതുക്കുന്നതുമായ ഒരു പട്ടിക സൂക്ഷിക്കേണ്ടതാണ്;

(ബി) മുതിർന്ന പൗരൻമാരുടെയും പരിചരണദാതാക്കളുടെയും വ്യക്തിഗതവും ആരോഗ്യപരവും സാമ്പത്തികവുമായ വിവരങ്ങൾ സംരക്ഷിക്കുന്നതിനുള്ള സുരക്ഷാ സംവിധാനങ്ങൾ നിലനിർത്തേണ്ടതാണ്;

(സി) അവർ മുഖേന നിയോഗിക്കപ്പെടുന്ന പരിചരണദാതാക്കൾ നടത്തുന്ന സൈബർ തട്ടിപ്പ്, സാമ്പത്തിക ചൂഷണം, പീഡനം, അവഗണന എന്നിവ തടയുന്നതിനും കണ്ടെത്തുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്;

(ഡി) സുതാര്യവും പ്രാപ്യവുമായ നിരക്കുകളും ഫീസുകളും പരാതി പരിഹാര സംവിധാനങ്ങളും പ്രസിദ്ധീകരിക്കേണ്ടതാണ്;

(ഇ) ഒരു പരാതി പരിഹാര ഓഫീസറെ നിയോഗിക്കുകയും ഈ ആക്റ്റ് പ്രകാരമുള്ള നിയമാനുസൃത അന്വേഷണങ്ങളുമായി സഹകരിക്കുകയും ചെയ്യേണ്ടതാണ്.

14. ഘട്ടംഘട്ടമായുള്ള സർട്ടിഫിക്കേഷൻ പാലനം.—ഓരോ ഗൃഹപരിചരണ സേവന ഏജൻസിയും, അവർ നിയോഗിക്കുന്ന പരിചരണദാതാക്കൾക്ക്, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ട് വർഷത്തിനുള്ളിൽ ഇരുപത്തിയഞ്ച് ശതമാനത്തിൽ കുറയാത്തവരും, മൂന്ന് വർഷത്തിനുള്ളിൽ അറുപത് ശതമാനത്തിൽ കുറയാത്തവരും, നാല് വർഷത്തിനുള്ളിൽ എല്ലാവരും VI-ാം അധ്യായം പ്രകാരമുള്ള സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും ഉത്തമ വിശ്വാസത്തോടെയുള്ള പാലനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് അനുവദിക്കാവുന്ന ഒരു വർഷത്തിൽ കവിയാത്ത സമയനീട്ടലിന് അർഹരായിരിക്കുന്നതുമാണ്.

## അധ്യായം VI

### പരിചരണദാതാക്കളുടെ പരിശീലനം, സർട്ടിഫിക്കേഷൻ, പരിചരണ വിലയിരുത്തൽ

15. മുതിർന്ന പൗര പരിചരണത്തിൽ പരിചരണദാതാക്കൾക്കുള്ള പരിശീലനം.—(1) സർക്കാരിനോ സേവനദാതാക്കൾക്കോ ഗൃഹപരിചരണ സേവന ഏജൻസികൾക്കോ അംഗീകാരമുള്ള മറ്റേതെങ്കിലും സർക്കാരിതര സംഘടനകൾക്കോ പരിചരണദാതാക്കൾക്ക് മുതിർന്ന പൗര പരിചരണത്തിൽ പരിശീലനം നൽകാവുന്നതാണ്.

(2) സർക്കാർ നിർദ്ദേശിക്കുന്ന മുതിർന്ന പൗര പരിചരണത്തിലെ ഏകീകൃത പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിലുള്ള വയോജന പരിചരണ പരിശീലന മൊഡ്യൂൾ പരിശീലന കേന്ദ്രങ്ങൾ സ്വീകരിക്കേണ്ടതാണ്.

(3) ഗൃഹപരിചരണ സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ മുതിർന്ന പൗരന്മാരുടെ ആവശ്യാനുസരണം അവരെ സേവിക്കുന്നതിനായി പരിശീലനം ലഭിച്ച പരിചരണദാതാക്കളെ മാത്രമേ നിയോഗിക്കാൻ പാടുള്ളൂ. അത്തരം പരിചരണദാതാക്കൾ 14-ാം വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള സമയക്രമം പാലിച്ച് ഈ അധ്യായപ്രകാരം സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ടെന്ന് അവർ ഉറപ്പാക്കേണ്ടതാണ്.

(4) പരിചരണദാതാക്കളുടെ പ്രവേശന ഫീസ്, പ്രതിഫലം, സേവന വ്യവസ്ഥകളും നിബന്ധനകളും, പരിചരണദാതാക്കൾ മുതിർന്ന പൗരന്മാർക്ക് നൽകേണ്ട സേവനങ്ങളുടെ ഗുണനിലവാരം, പരിശീലനത്തിന്റെ കാലദൈർഘ്യം, പരിശീലന സർട്ടിഫിക്കറ്റിന്റെ ഫാറം, പരിശീലന ഫീസ്, അവയോട് ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ എന്നിവ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമായിരിക്കുന്നതാണ്.

(5) മുതിർന്ന പൗര പരിചരണ സേവനദാതാക്കളും ഗൃഹപരിചരണ സേവന ഏജൻസികളും, ഏജൻസികളിൽ രജിസ്റ്റർ ചെയ്യുന്ന സമയത്ത് പരിചരണദാതാക്കളോട് അവരുടെ പരിശീലന സർട്ടിഫിക്കറ്റും മെഡിക്കൽ വെരിഫിക്കേഷൻ, പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകളും ഹാജരാക്കാൻ നിർബന്ധമായും ആവശ്യപ്പെടേണ്ടതാണ്. വയോജന സേവനങ്ങൾക്കായി, പരിശീലനം ലഭിച്ച പരിചരണദാതാക്കളെ മാത്രമേ നിയോഗിക്കാൻ പാടുള്ളൂ.

16. <u>കേരളം വയോജന പരിചരണ സർട്ടിഫിക്കേഷൻ ചട്ടക്കൂട്</u>.—(1) സർക്കാർ, വിജ്ഞാപനം ചെയ്യുന്ന അത്തരം ഏജൻസിയുമായി കൂടിയാലോചിച്ച്, പരിചരണദാതാക്കൾക്ക് ഘട്ടംഘട്ടമായുള്ള സർട്ടിഫിക്കേഷൻ മാർഗ്ഗങ്ങൾ ലഭ്യമാക്കുന്ന ഒരു കേരളം വയോജന പരിചരണ സർട്ടിഫിക്കേഷൻ ചട്ടക്കൂട് സ്ഥാപിക്കേണ്ടതാണ്.

(2) ചട്ടക്കൂടിൽ കുറഞ്ഞപക്ഷം, ഒരു പരിശീലന പാഠ്യപദ്ധതിയും അതിന്റെ ആവർത്തനക്രമവും, വ്യക്തിത്വവും, പശ്ചാത്തല പരിശോധനാ നിബന്ധനകളും - താമസസൗകര്യമുള്ള മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളിൽ നിയോഗിക്കപ്പെടുന്നതോ ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്ന പൗരന് കൂടെത്താമസിച്ചുള്ള പരിചരണം നൽകുന്നതോ ആയ പരിചരണദാതാക്കൾക്ക് നിർബന്ധിത പോലീസ് ക്ലിയറൻസ് ഉൾപ്പെടെ – മൂന്ന് വർഷത്തിൽ കവിയാത്ത ഇടവേളകളിലുള്ള ആനുകാലിക പുനഃപരിശീലനവും നിശ്ചയിക്കേണ്ടതാണ്.

17. <u>പരിചരണദാതാക്കളുടെ സംസ്ഥാന രജിസ്റ്റർ</u>.—(1) കേരളം വയോജന പരിചരണ സർട്ടിഫിക്കേഷൻ ചട്ടക്കൂട് പ്രകാരം സർട്ടിഫിക്കേഷൻ ലഭിച്ച ഓരോ പരിചരണദാതാവും, നിർണ്ണയിക്കപ്പെട്ട രീതിയിൽ, സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റിൽ രജിസ്റ്റർ ചെയ്യപ്പെടുകയും പരിചരണദാതാക്കളുടെ സംസ്ഥാന രജിസ്റ്ററിൽ ചേർക്കപ്പെടുകയും ചെയ്യേണ്ടതാണ്.

(2) പരിചരണദാതാക്കളുടെ സംസ്ഥാന രജിസ്റ്റർ ഒരു പൊതു രജിസ്റ്റർ ആയിരിക്കുന്നതും, സസ്പെൻഡ് ചെയ്യപ്പെട്ടതോ വിലക്കപ്പെട്ടതോ രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ടതോ ആയ പരിചരണദാതാക്കളെ സംബന്ധിച്ചതുൾപ്പെടെ, ആനുകാലികമായി പുതുക്കേണ്ടതും, തിരയാവുന്ന രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്:

എന്നാൽ, ഒരു പരിചരണദാതാവിന്റെ പേര്, രജിസ്ട്രേഷൻ നമ്പർ, സർട്ടിഫിക്കേഷൻ വിഭാഗം, സാധുതാ കാലയളവ്, രജിസ്ട്രേഷന്റെ നിലവിലെ സ്ഥിതി എന്നിവ മാത്രമേ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ പാടുള്ളൂ, മറ്റ് യാതൊരു വിവരവും വെളിപ്പെടുത്താൻ പാടുള്ളതല്ല.

(3) ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ, ഒരു പരിശീലന കേന്ദ്രം നൽകിയ സാധുവായ പരിശീലന സർട്ടിഫിക്കറ്റോ സർക്കാർ അംഗീകരിച്ച വയോജന പരിചരണത്തിലെ മറ്റേതെങ്കിലും സർട്ടിഫിക്കേഷനോ ഇതിനകം കൈവശമുള്ള ഒരു പരിചരണദാതാവിന് (1)-ാം ഉപവകുപ്പ് പ്രകാരം പരിചരണദാതാക്കളുടെ സംസ്ഥാന രജിസ്റ്ററിൽ രജിസ്ട്രേഷനായി സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന് അപേക്ഷിക്കാവുന്നതും, അത്തരം സർട്ടിഫിക്കേഷന്റെ സാധുതയും പര്യാപ്തതയും സംബന്ധിച്ച് ബോധ്യപ്പെടുന്നപക്ഷം, കേരളം വയോജന പരിചരണ സർട്ടിഫിക്കേഷൻ ചട്ടക്കൂട് പ്രകാരം പുതിയ സർട്ടിഫിക്കേഷൻ ആവശ്യപ്പെടാതെ തന്നെ സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് അത്തരം പരിചരണദാതാവിനെ അതനുസരിച്ച് രജിസ്റ്റർ ചെയ്യേണ്ടതുമാണ്:

എന്നാൽ, ചട്ടക്കൂട് പ്രകാരമുള്ള പൂർണ്ണ സർട്ടിഫിക്കേഷന് പകരമായി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഒരു ബ്രിഡ്ജ് കോഴ്സോ പുനഃപരിശീലന കോഴ്സോ പൂർത്തിയാക്കാൻ അത്തരം പരിചരണദാതാവിനോട് സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന് ആവശ്യപ്പെടാവുന്നതാണ്.

18. <u>പരിചരണദാതാക്കളുടെ അവകാശങ്ങളും പരാതി പരിഹാരവും</u>.—(1) ഓരോ പരിചരണദാതാവിനും,—

(എ) തൽസമയം പ്രാബല്യത്തിലുള്ള നിയമപ്രകാരം ബന്ധപ്പെട്ട തൊഴിൽ വിഭാഗത്തിന് ബാധകമായ മിനിമം വേതനത്തിൽ കുറയാത്ത ന്യായമായ പ്രതിഫലത്തിനും;

(ബി) സുരക്ഷിതവും ആരോഗ്യകരവും അന്തസ്സുള്ളതുമായ തൊഴിൽ സാഹചര്യങ്ങൾക്കും;

(സി) പീഡനം, ഉപദ്രവം, ചൂഷണം, നിർബന്ധം, വിവേചനം എന്നിവയ്ക്കെതിരായ സംരക്ഷണത്തിനും;

(ഡി) ബാധകമായ നിയമപ്രകാരമുള്ള സാമൂഹിക സുരക്ഷാ പരിരക്ഷകൾ ലഭിക്കുന്നതിനും,

അർഹതയുണ്ടായിരിക്കുന്നതാണ്.

(2) പരിചരണദാതാവിനും പരാതിക്കാരനും കേൾക്കപ്പെടാനുള്ള അവസരം നൽകുന്ന നിയമാനുസൃത നടപടിക്രമം പാലിച്ചുകൊണ്ട്, മുതിർന്ന പൗരന്മാരിൽ നിന്നോ അവരുടെ കുടുംബാംഗങ്ങളിൽ നിന്നോ പ്രതിനിധികളിൽ നിന്നോ പരിചരണദാതാക്കളുടെ പെരുമാറ്റത്തെയോ പ്രവർത്തനത്തെയോ സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനും അന്വേഷിക്കുന്നതിനും തീർപ്പാക്കുന്നതിനും, സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

(3) ഇതു സംബന്ധിച്ച തീരുമാനത്താൽ സങ്കടം അനുഭവിക്കുന്ന ഒരു വ്യക്തിക്ക് പരാതി തീർപ്പാക്കി അറുപത് ദിവസത്തിനുള്ളിൽ സർക്കാരിന് അപ്പീൽ നൽകാവുന്നതാണ്.

19. <u>പരിചരണ വിലയിരുത്തൽ</u>.—(1) ഈ ആക്റ്റിലെ 4-ാം വകുപ്പ് ഖണ്ഡം (ii) പ്രകാരം ഒരു മുതിർന്ന പൗരന് അർഹതയുള്ള പരിചരണത്തിന്റെ തലവും വിഭാഗവും നിർണ്ണയിക്കുന്നതിനായി, യോഗ്യതയുള്ള ഒരു മെഡിക്കൽ പ്രാക്ടീഷണർ ശാരീരികവും ബൗദ്ധികവുമായ ശേഷി, മാനസികാവസ്ഥ, ഇന്ദ്രിയ പ്രവർത്തനം, ദൈനംദിന ജീവിത പ്രവർത്തനങ്ങളിലെ പരിമിതികൾ ഉൾപ്പെടെയുള്ള ഒരു മുതിർന്ന പൗരന്റെ ആന്തരിക ശേഷിയുടെ വിലയിരുത്തലിനുള്ള ഒരു ഏകീകൃത രീതിശാസ്ത്രം സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ മുഖേന നിർണ്ണയിക്കേണ്ടതാണ്.

(2) ഈ വകുപ്പിന്റെ ആവശ്യത്തിനായി ഒരു പരിചരണ വിലയിരുത്തൽ മൂല്യനിർണ്ണയം ചെയ്യേണ്ട, സ്വയം പരിപാലന കൃത്യങ്ങൾ ഉൾപ്പെടെയുള്ള ദൈനംദിന ജീവിത പ്രവർത്തനങ്ങൾ സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് കാലാകാലങ്ങളിൽ കണ്ടെത്തി മാർഗ്ഗനിർദ്ദേശങ്ങൾ മുഖേന നിർണ്ണയിക്കേണ്ടതാണ്.

## അധ്യായം VII

## സൈബർ തട്ടിപ്പ്, ഡിജിറ്റൽ സുരക്ഷ, ഇൻഷുറൻസ് പരിരക്ഷ

20. <u>ഇരയ്ക്കുള്ള പിന്തുണയും ഏകോപനവും</u>.—സംസ്ഥാന സർക്കാർ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് മൂന്ന് മാസത്തിനുള്ളിൽ, എല്ലാ സൈബർ പോലീസ് സ്റ്റേഷനുകളിലും മുതിർന്ന പൗര സൈബർ സെൽ സ്ഥാപിക്കേണ്ടതും, ഒരു മുതിർന്ന പൗര സൈബർ ഏകോപന ഓഫീസറെ നിയോഗിക്കേണ്ടതുമാണ്.

21. <u>അതിവേഗ സംവിധാനം</u>.—തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു മുതിർന്ന പൗരനെതിരെ നടത്തുന്ന സൈബർ തട്ടിപ്പുമായി ബന്ധപ്പെട്ട എല്ലാ റിപ്പോർട്ടിംഗും സാമ്പത്തിക മരവിപ്പിക്കലും പോലീസ് രേഖപ്പെടുത്തലും നിയന്ത്രണപരമായ ക്ലെയിമുകളും നിർണ്ണയിക്കപ്പെട്ട അതിവേഗ സമയപരിധികൾക്ക് വിധേയമായിരിക്കുന്നതാണ്.

22. ഇൻഷുറൻസും ദീർഘകാല പരിചരണ പരിരക്ഷയും.—ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യയുമായും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇൻഷുറൻസ് കമ്പനികളുമായും ബന്ധപ്പെടുന്നത് ഉൾപ്പെടെ, സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്ക് ദീർഘകാല പരിചരണം ഉൾക്കൊള്ളുന്ന ഇൻഷുറൻസ് ഉൽപ്പന്നങ്ങളുടെ ലഭ്യത പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ വരുന്ന നടപടികൾ സർക്കാരിന് സ്വീകരിക്കാവുന്നതും, അത്തരം ലഭ്യത, പ്രീമിയത്തിന്റെ താങ്ങാനാവുന്ന നിരക്ക്, ദീർഘകാല പരിചരണ പരിരക്ഷയുടെ പ്രാപ്യത എന്നിവ സംബന്ധിച്ച ഒരു അവലോകനം ഈ ആക്ടിലെ 25-ാം വകുപ്പ് പ്രകാരമുള്ള വാർഷിക ഭരണ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## അധ്യായം VIII

## മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള സംസ്ഥാന കരുതൽ നിധി

23. മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള സംസ്ഥാന കരുതൽ നിധി.—(1) മുതിർന്ന പൗരന്മാരുടെ സംരക്ഷണം, പരിചരണം, ക്ഷേമം, സാമൂഹിക സുരക്ഷ എന്നിവയ്ക്കായി, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള ഒരു സംസ്ഥാന കരുതൽ നിധി സ്ഥാപിക്കേണ്ടതാണ്.

(2) താഴെപ്പറയുന്ന തുകകൾ നിധിയിലേക്ക് വരവു വയ്ക്കേണ്ടതാണ്, അതായത്:—

(എ) കോർപ്പസ് ഫണ്ടായി സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റ്;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന തുകകൾ;

(സി) ഏതെങ്കിലും സർക്കാർ സംഘടനകളിൽ നിന്നോ സർക്കാരിതര സംഘടനകളിൽ നിന്നോ അസോസിയേഷനുകളിൽ നിന്നോ ലഭിക്കുന്ന തുകകൾ;

(ഡി) ഈ ആക്റ്റ് പ്രകാരം ലഭിക്കുന്നതോ ഈടാക്കുന്നതോ ആയ ഫീസ് പിഴ എന്നിവ;

(ഇ) സി.എസ്.ആർ. ഫണ്ടുകളും സംഭാവനകളും, സമ്മാനം, ഗ്രാന്റ്, ഒസ്യത്ത്, കൈമാറ്റങ്ങൾ അല്ലെങ്കിൽ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്ന് ലഭിക്കുന്ന മറ്റ് തുകകളും;

(എഫ്) നിയമപരമായ അവകാശികൾ ഇല്ലാത്തതും, സംസ്ഥാന കരുതൽ നിധിയിലേക്ക് സ്വത്തുക്കൾ നൽകുന്നതിനായി രജിസ്റ്റർ ചെയ്ത വിൽപത്രം തയ്യാറാക്കിയിട്ടുള്ളതുമായ ഏതെങ്കിലും മുതിർന്ന പൗര പരിചരണ കേന്ദ്രത്തിലെ ഒരു

അന്തേവാസിയുടെ ബാങ്ക് അക്കൗണ്ടിലെ പണനീക്കിയിരിപ്പും ആഭരണങ്ങളും ഉൾപ്പെടെയുള്ള ജംഗമമോ സ്ഥാവരമോ ആയ സ്വത്ത് വിനിമയം ചെയ്യുന്നതിലൂടെ ലഭിക്കുന്ന ഏതൊരു തുകയും;

(ജി) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന മറ്റേതെങ്കിലും തുക.

(3) (2)-ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകാരം നിധിയിലേക്ക് വരവു വയ്ക്കേണ്ട തുക, രജിസ്ട്രാറായ മുതിർന്ന പൗര വകുപ്പ് ഡയറക്ടറുടെ പേരിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ തുറക്കുന്ന അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

(4) (2)-ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകാരം നിധിയിലേക്ക് വരവു വച്ച തുകകൾ മുതിർന്ന പൗരന്മാരുടെ പരിചരണം, ക്ഷേമം, സംരക്ഷണം, സാമൂഹിക സുരക്ഷ എന്നീ പൊതു ആവശ്യങ്ങൾക്ക് മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ.

(5) നിധിയുടെ വിനിയോഗ രീതിയും ഭരണവും ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കുന്നതാണ്.

24. <u>കണക്കുകളും ആഡിറ്റും</u>.—(1) രജിസ്ട്രാർ ശരിയായ കണക്കുകളും മറ്റ് ബന്ധപ്പെട്ട രേഖകളും സൂക്ഷിക്കേണ്ടതും, നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) രജിസ്ട്രാർ, ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് മൂന്ന് മാസത്തിനുള്ളിൽ മുൻ സാമ്പത്തിക വർഷത്തെ കണക്കുകൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ശരിയായി ആഡിറ്റ് ചെയ്യുന്നതിന് ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

25. <u>വാർഷിക റിപ്പോർട്ടും ഭരണ റിപ്പോർട്ടും.</u>—(1) രജിസ്ട്രാർ, ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് മൂന്ന് മാസത്തിനുള്ളിൽ, ആഡിറ്റ് ചെയ്ത കണക്ക് പത്രികയും, കഴിഞ്ഞ സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രവർത്തനങ്ങളുടെയും പരിപാടികളുടെയും വാർഷിക ഭരണ റിപ്പോർട്ടും, ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റുകളുടെയും ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറങ്ങളുടെയും പ്രവർത്തനവും ഭരണവും സംബന്ധിച്ച ഒരു പത്രികയും സഹിതം, ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും രീതിയിലും സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(2) റിപ്പോർട്ട് ലഭിച്ചാലുടൻ, സർക്കാർ അത് ലഭിച്ച തീയതി മുതൽ ആറ് മാസത്തിനുള്ളിൽ റിപ്പോർട്ട് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

## അധ്യായം IX

## സർക്കാരിന്റെ പൊതു അധികാരങ്ങളും ചുമതലകളും

26. <u>മുതിർന്ന പൗര പരിചരണം, ക്ഷേമം, സംരക്ഷണം എന്നിവ സംബന്ധിച്ച സർക്കാരിന്റെ പൊതു അധികാരങ്ങളും ചുമതലകളും.</u>—(1) സംസ്ഥാന സർക്കാർ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സമൂഹാധിഷ്ഠിത മുതിർന്ന പൗര പരിചരണ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും, മാർഗ്ഗനിർദ്ദേശങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം പൊതു ഓഫീസുകളിൽ മുതിർന്ന പൗരന്മാർക്കായി പ്രത്യേക ക്യൂ ഉൾപ്പെടെ കൂടുതൽ പ്രാപ്യവും മുതിർന്ന പൗര സൗഹൃദവുമായ പരിസ്ഥിതി, ഗതാഗതം, വിവരം, ആശയവിനിമയം, മറ്റ് പൊതു സൗകര്യങ്ങൾ എന്നിവ സൃഷ്ടിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റ് സർക്കാർ ഏജൻസികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

(2) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന ശേഷം തയ്യാറാക്കുന്ന കെട്ടിടം, കെട്ടിട യൂണിറ്റ്, അപ്പാർട്ട്മെന്റ്, കോളനി, ഷോപ്പിംഗ് കോംപ്ലക്സ് അല്ലെങ്കിൽ മറ്റേതെങ്കിലും സിവിൽ നിർമ്മിതികൾ എന്നിവയുടെ നിർമ്മാണത്തിനുള്ള ഓരോ ഭൂവികസന പ്ലാനും രേഖാചിത്രവും മുതിർന്ന പൗര സൗഹൃദമായി രൂപകൽപന ചെയ്തിട്ടുള്ളതാണെന്നും, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന ശേഷം പുതുതായി നിർമ്മിക്കുന്ന ഓരോ താമസ കെട്ടിടത്തിലും മുതിർന്ന പൗര സൗഹൃദ പ്രവേശനക്ഷമതയോടൊപ്പം മുതിർന്ന പൗര സൗഹൃദ സൗകര്യങ്ങളുള്ള ഒരു മുറിയെങ്കിലും ഉണ്ടായിരിക്കണമെന്നും, അതനുസരിച്ചാണ് കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നതെന്നും ഉറപ്പാക്കുന്നതിന്, സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉചിതമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

(3) ഓരോ പോലീസ് സ്റ്റേഷന്റെയും പ്രാദേശിക പരിധിക്കുള്ളിൽ മുതിർന്ന പൗരന്മാരുമായി ബന്ധപ്പെട്ട വിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി, ഓരോ പോലീസ് സ്റ്റേഷനിലും അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയോഗിക്കുന്നതിന് സർക്കാർ, പോലീസ് വകുപ്പിന് നിർദ്ദേശം നൽകേണ്ടതാണ്.

(4) ഏതെങ്കിലും മുതിർന്ന പൗര പരിചരണ കേന്ദ്രത്തിലെ ഒരു അന്തേവാസി വിൽപത്രം തയ്യാറാക്കാതെയും നിയമപരമായ അവകാശികൾ ഇല്ലാതെയും മരണമടയുന്നപക്ഷം, 1964-ലെ കേരള എസ്ചീറ്റ്സ് ആൻഡ് ഫോർഫീച്ചേഴ്സ് ആക്റ്റിലെ (1964-ലെ 4-ാം ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം അയാളുടെ എല്ലാ സ്വത്തും അവകാശികളില്ലാത്ത സ്വത്തായി സർക്കാരിൽ നിക്ഷിപ്തമാകുന്നതും സർക്കാരിന് അവകാശപ്പെട്ടതായിരിക്കുന്നതുമാണ്.

(5) ഒരു പരിചരണ കേന്ദ്രത്തിലോ വിശ്രമ ഭവനത്തിലോ ഹോസ്പിസ് കേന്ദ്രത്തിലോ സമാന സ്വഭാവമുള്ള മറ്റേതെങ്കിലും സ്ഥാപനത്തിലോ താമസിക്കുന്ന ഒരു മുതിർന്ന പൗരന് ഡിമെൻഷ്യ, അൽഷിമേഴ്സ് രോഗം അല്ലെങ്കിൽ ഗണ്യമായ ബൗദ്ധിക വൈകല്യം ഉണ്ടാക്കുന്ന മറ്റേതെങ്കിലും കാരണം ഉൾപ്പെടെ, പരിചരണ സ്ഥാപനത്തിലെ പ്രവേശനം, ചികിത്സ, സാമ്പത്തിക തീരുമാനങ്ങൾ എന്നിവയ്ക്ക് സമ്മതം നൽകാനുള്ള ശേഷി ഇല്ലെന്ന് വിലയിരുത്തപ്പെടുന്നപക്ഷം, പരിചരണവും ചികിത്സയുമായി ബന്ധപ്പെട്ട തീരുമാനങ്ങളുടെ ആവശ്യത്തിനായി, 2017-ലെ മെന്റൽ ഹെൽത്ത് കെയർ ആക്റ്റ് (2017-ലെ 10-ാം കേന്ദ്ര ആക്റ്റ്) അത്തരം വ്യക്തികൾക്ക് ബാധകമായിരിക്കുന്നതാണ്.

(6) പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിൽ സംസ്ഥാന ആരോഗ്യ സേവന സംവിധാനം മുഖേന എളുപ്പത്തിൽ എത്തിച്ചേരാവുന്ന കേന്ദ്രങ്ങളിൽ വയോജന ഒ.പി., സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ആഴ്ചയിൽ രണ്ടുതവണയുള്ള വയോജന ക്ലിനിക്, പൊതുജനാരോഗ്യ കേന്ദ്രത്തിൽ ആഴ്ചതോറുമുള്ള വയോജന ക്ലിനിക്, പ്രാദേശിക വയോജന കേന്ദ്രങ്ങൾ തുടങ്ങിയ ഔട്ട്റീച്ച് സൗകര്യങ്ങൾ ഉൾപ്പെടെ, മുതിർന്ന പൗരന്മാർക്കായി പ്രത്യേക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ സർക്കാർ ലഭ്യമാക്കേണ്ടതാണ്. ഒറ്റപ്പെട്ട ഗ്രാമീണ, പിന്നാക്ക പ്രദേശങ്ങളിൽ, പ്രത്യേകിച്ച് ആദിവാസി ഊരുകളിൽ, മുതിർന്ന പൗരന്മാർക്ക് വൈദ്യപരിചരണവും പിന്തുണയും നൽകുന്നതിന് സർക്കാരിന് മൊബൈൽ മെഡികെയർ യൂണിറ്റുകൾ ഏർപ്പെടുത്താവുന്നതാണ്.

(7) ഗുരുതര രോഗബാധിതരും തുടർച്ചയായ നഴ്സിംഗ് പരിചരണം, വിശ്രമ പരിചരണം, ഹോസ്പിസ് പിന്തുണ എന്നിവ ആവശ്യമുള്ളവരുമായ മുതിർന്ന പൗരന്മാർക്കായി വിശ്രമ പരിചരണ ഭവനങ്ങളും പരിചരണ ഭവനങ്ങളും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും സർക്കാർ വ്യവസ്ഥ ചെയ്യേണ്ടതാണ്. അൽഷിമേഴ്സ് രോഗം, ഡിമെൻഷ്യ, പാർക്കിൻസൺസ് രോഗം, മറ്റ് നാഡീക്ഷയ രോഗങ്ങൾ അല്ലെങ്കിൽ ബൗദ്ധിക വൈകല്യങ്ങൾ എന്നിവ ബാധിച്ച മുതിർന്ന പൗരന്മാരുടെ പരിചരണത്തിനും ക്ഷേമത്തിനും മാത്രമായി പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ച് പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ മുൻകൈയെടുക്കേണ്ടതാണ്.

(8) സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ സംരക്ഷണം, പരിചരണം, ക്ഷേമം, സുരക്ഷ എന്നിവയ്ക്കായി ആരോഗ്യപരിരക്ഷ, സാന്ത്വന പരിചരണം, വൈദ്യേതര പരിചരണം, മറ്റ് അനുബന്ധ സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിൽ സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഫലപ്രദമായ ഏകോപനം ഉറപ്പാക്കുന്നതിന് എല്ലാ നടപടികളും സ്വീകരിക്കുന്നതിനായി സർക്കാർ നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(9) സംസ്ഥാനത്ത് വിവിധ തരം പരിചരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള ഭൗതിക സൗകര്യങ്ങളുടെ മാനദണ്ഡങ്ങളും പ്രവർത്തന നിലവാരവും നിശ്ചയിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ നിഷ്കർഷിക്കേണ്ടതാണ്.

(10) ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിവേചനത്തിൽ നിന്നുള്ള സ്വാതന്ത്ര്യവും, അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വിഭവങ്ങൾ നേടുന്നതിനുമായി തൊഴിൽ ചെയ്യുന്നതിനും ന്യായമായ പ്രതിഫലം ലഭിക്കുന്നതിനുമുള്ള അവകാശവും മുതിർന്ന പൗരന് ഉറപ്പാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

27. <u>സ്വമേധയായുള്ള സംഭാവനകൾ നൽകുന്നതിനുള്ള നടപടിക്രമം</u>.—ഒരു മുതിർന്ന പൗര പരിചരണ കേന്ദ്രത്തിലെ ഒരു അന്തേവാസി തന്റെ സ്വത്തോ ബാങ്ക് നിക്ഷേപമോ മറ്റേതെങ്കിലും വരുമാനമോ കേന്ദ്രത്തിനോ സംസ്ഥാന കരുതൽ നിധിക്കോ മറ്റൊരു കക്ഷിക്കോ സ്വമേധയാ ദാനം ചെയ്യാൻ തീരുമാനിക്കുമ്പോൾ, കേന്ദ്രത്തിന്റെ അധികാരി അക്കാര്യം ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിനെ അറിയിക്കേണ്ടതാണ്. തുടർന്ന് ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് അന്വേഷണം നടത്തി, അത്തരം അന്തേവാസിയുടെ ഉദ്ദേശ്യം നിറവേറ്റുന്നതിനായി, ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെട്ട പ്രകാരം, ജില്ലാ മജിസ്ട്രേറ്റിന്റെ സാന്നിദ്ധ്യത്തിൽ ഒരു കരാർ ഒപ്പുവയ്ക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതാണ്. കരാർ ഒപ്പുവച്ചുകഴിഞ്ഞാൽ, ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് അസ്സൽ കരാർ സുരക്ഷിതമായി സൂക്ഷിക്കേണ്ടതും, അതിന്റെ ഔദ്യോഗിക പകർപ്പുകൾ രജിസ്ട്രാർ, മുതിർന്ന പൗര പരിചരണ കേന്ദ്രം, തദ്ദേശ സ്ഥാപനം, കുടുംബാംഗങ്ങൾ, ബന്ധുക്കൾ എന്നിവർക്ക് ഉടൻ തന്നെ വിതരണം ചെയ്യേണ്ടതുമാണ്:

എന്നാൽ, തൽസമയം പ്രാബല്യത്തിലുള്ള സാധാരണ പിന്തുടർച്ചാവകാശ, ബാങ്കിംഗ് അല്ലെങ്കിൽ വിൽപത്ര നിയമങ്ങൾ പ്രകാരമുള്ള സ്വത്ത് കൈമാറ്റത്തിന് ഈ വകുപ്പിലെ യാതൊന്നും അധികാരം നൽകുന്നില്ല.

28. <u>ലിവിംഗ് വിൽ സംബന്ധിച്ച ക്രമീകരണങ്ങൾ</u>.—വീട്ടിലോ ഏതെങ്കിലും മുതിർന്ന പൗര പരിചരണ കേന്ദ്രത്തിലോ ഉള്ള ഏതെങ്കിലും മുതിർന്ന പൗരൻ സ്വമേധയാ ഒരു " ലിവിംഗ് വിൽ" തയ്യാറാക്കാൻ ആഗ്രഹിക്കുന്നപക്ഷം, അതതു സംഗതിപോലെ, മുതിർന്ന പൗര പരിചരണ കേന്ദ്രത്തിന്റെ ചുമതലയുള്ള അധികാരിയോ ആ വ്യക്തിയുടെ ബന്ധുവോ കുടുംബാംഗമോ നിയമപരമായ അവകാശിയോ ഉണ്ടെങ്കിൽ അവരോ, ബന്ധപ്പെട്ട ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറത്തിന്റെയോ ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന്റെയോ ചെയർപേഴ്സന്റെ സാന്നിദ്ധ്യത്തിൽ, നിർണ്ണയിക്കപ്പെട്ട ഫാറത്തിലും രീതിയിലും, ആ മുതിർന്ന പൗരന്റെ ആഗ്രഹങ്ങൾ പ്രകടിപ്പിച്ചുകൊണ്ടും ജീവിതാന്ത്യത്തിലേക്കുള്ള അദ്ദേഹത്തിന്റെ മുൻഗണനകൾ നിശ്ചയിച്ചുകൊണ്ടുമുള്ള ഒരു

പ്രഖ്യാപനം തയ്യാറാക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതാണ്. ലിവിംഗ് വില്ലിന്റെ അസ്സൽ, അതതു സംഗതിപോലെ, മുതിർന്ന പൗര പരിചരണ കേന്ദ്രത്തിന്റെയോ ബന്ധുവിന്റെയോ കുടുംബാംഗത്തിന്റെയോ നിയമപരമായ അവകാശിയുടെയോ സുരക്ഷിത കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതും, അതിന്റെ ഒരു പകർപ്പ് ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറത്തിനും ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിനും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിനും അയച്ചുകൊടുക്കേണ്ടതുമാണ്.

29. <u>പരിചരണ കേന്ദ്രങ്ങളിലെ അന്തേവാസികളുടെ ദഹിപ്പിക്കലോ സംസ്കാരമോ.</u>—(1) സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, സംസ്ഥാനത്ത് ശരീരശാസ്ത്ര ഗവേഷണത്തിനും പഠനത്തിനുമായി മരണശേഷം തന്റെ ശരീരം ദാനം ചെയ്യുന്നതിനുള്ള കരാറോ വിൽപത്രമോ തയ്യാറാക്കിയിട്ടില്ലാത്ത ഏതെങ്കിലും നിരാലംബനായ മുതിർന്ന പൗരൻ ഏതെങ്കിലും മുതിർന്ന പൗര പരിചരണ കേന്ദ്രത്തിൽ വച്ച് മരണമടയുന്നപക്ഷം, അത്തരം കേന്ദ്രത്തിന്റെ ചുമതലയുള്ള അധികാരി, കുടുംബാംഗങ്ങളോ ബന്ധുക്കളോ ഉണ്ടെങ്കിൽ അവരെയും ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസറെയും ജില്ലാ മുതിർന്ന പൗര സംരക്ഷണ യൂണിറ്റിനെയും രേഖാമൂലം വിവരം അറിയിച്ച ശേഷം, മരണമടഞ്ഞ അത്തരം മുതിർന്ന പൗരന്റെ ദഹിപ്പിക്കലിനോ സംസ്കാരത്തിനോ ക്രമീകരണം ചെയ്യേണ്ടതാണ്.

(2) പ്രതിഫലത്തോടു കൂടിയതോ അല്ലാത്തതോ ആയ ഒരു മുതിർന്ന പൗര പരിചരണ കേന്ദ്രത്തിൽ അഭയം നൽകപ്പെട്ടിട്ടുള്ള നിയമപരമായ അവകാശികളോ കുടുംബാംഗങ്ങളോ ബന്ധുക്കളോ ഉള്ള അശക്തനായ ഒരു മുതിർന്ന പൗരനോ, മറ്റേതെങ്കിലും മുതിർന്ന പൗരനോ മരണമടയുന്നപക്ഷം, അത്തരം കേന്ദ്രത്തിന്റെ ചുമതലയുള്ള അധികാരി അക്കാര്യം ബന്ധപ്പെട്ട ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിനെ അറിയിക്കേണ്ടതും, അതതു സംഗതിപോലെ, മരണമടഞ്ഞ അത്തരം മുതിർന്ന പൗരന്റെ കുടുംബാംഗത്തെയോ ബന്ധുവിനെയോ നിയമപരമായ അവകാശിയെയോ വിവരം അറിയിക്കേണ്ടതുമാണ്.

(3) മരണമടഞ്ഞ അന്തേവാസിയുടെ കുടുംബാംഗമോ ബന്ധുവോ നിയമപരമായ അവകാശിയോ, ന്യായമായ സമയത്തിനുള്ളിൽ മരണമടഞ്ഞ വ്യക്തിയുടെ മൃതദേഹം ഏറ്റുവാങ്ങാൻ മുന്നോട്ടുവരാതിരിക്കുകയോ മൃതദേഹം സ്വീകരിക്കാൻ വിസമ്മതിക്കുകയോ ചെയ്യുന്നപക്ഷം, മുതിർന്ന പൗര പരിചരണ കേന്ദ്രത്തിന്റെ ചുമതലയുള്ള അധികാരി, ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസറെ രേഖാമൂലം അറിയിച്ച ശേഷം, മരണമടഞ്ഞ അത്തരം അന്തേവാസിയുടെ ദഹിപ്പിക്കലിനോ സംസ്കാരത്തിനോ ക്രമീകരണം ചെയ്യേണ്ടതും, അക്കാര്യം ഉടൻ തന്നെ ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിനെ അറിയിക്കേണ്ടതുമാണ്:

എന്നാൽ, മുതിർന്ന പൗര പരിചരണ കേന്ദ്രത്തിലെ ഏതെങ്കിലും അന്തേവാസി യഥാവിധി തയ്യാറാക്കിയിട്ടുള്ള കരാറിലോ വിൽപത്രത്തിലോ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ ഉണ്ടെങ്കിൽ, ആ അന്തേവാസിയുടെ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക്, അവ പാലിക്കുന്നതിനോ നടപ്പാക്കുന്നതിനോ ബന്ധപ്പെട്ട ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(4) അത്തരം മുതിർന്ന പൗര പരിചരണ കേന്ദ്രത്തിന്റെ ചുമതലയുള്ള അധികാരി മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും, മരണമടഞ്ഞ അത്തരം അന്തേവാസിയുടെ വിവരങ്ങൾ അതിൽ രേഖപ്പെടുത്തേണ്ടതും, 1969-ലെ ജനനമരണ രജിസ്ട്രേഷൻ ആക്റ്റ് (1969-ലെ 18-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ബന്ധപ്പെട്ട ജനന-മരണ രജിസ്ട്രാർ മുമ്പാകെ അത്തരം മുതിർന്ന പൗരന്റെ മരണം രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## അധ്യായം X

## കുറ്റങ്ങളും ശിക്ഷകളും

30. ഈ ആക്റ്റിലെയും അതിൻ കീഴിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങളിലെയും മാർഗ്ഗനിർദ്ദേശങ്ങളിലെയും വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ശിക്ഷ.— (1) 12-ാം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യേണ്ട ഒരു മുതിർന്ന പൗര പരിചരണ കേന്ദ്രം അത്തരം രജിസ്ട്രേഷൻ നേടാതെ സ്ഥാപിക്കുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യുന്നതോ, അതിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കാലഹരണപ്പെടുകയോ റദ്ദാക്കപ്പെടുകയോ ചെയ്തതിന് ശേഷം അത്തരം കേന്ദ്രം തുടർന്നും പ്രവർത്തിപ്പിക്കുന്നതോ ആയ ഏതൊരാളും ഒരു വർഷം വരെ ആകാവുന്ന കാലത്തേക്കുള്ള തടവോ ഇരുപത്തയ്യായിരം രൂപ വരെ ആകാവുന്ന പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥയുടെ നടപ്പാക്കലിനെ മനഃപൂർവ്വമോ അറിഞ്ഞുകൊണ്ടോ തടസ്സപ്പെടുത്തുകയോ അത്തരം തടസ്സപ്പെടുത്തലിന് സഹായിക്കുകയോ പ്രേരിപ്പിക്കുകയോ ഉത്സാഹിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും മുതിർന്ന പൗര സമൂഹത്തിനെതിരായ കുറ്റം ചെയ്തതായി കണക്കാക്കപ്പെടുന്നതും, രണ്ട് വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിലുള്ള തടവ് നൽകി ശിക്ഷിക്കപ്പെടുന്നതും ഇരുപത്തയ്യായിരം രൂപ വരെ ആകാവുന്ന പിഴയ്ക്ക് കൂടി ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

(3) ഒരു മുതിർന്ന പൗര പരിചരണ കേന്ദ്രത്തിന്റെ ചുമതലയുള്ള ആൾ അവിടത്തെ ഏതെങ്കിലും അന്തേവാസിയുടെ സ്വത്ത് നിയമവിരുദ്ധമായി കൈവശപ്പെടുത്തുന്ന ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നപക്ഷം, മൂന്ന് വർഷം വരെ ആകാവുന്ന കാലത്തേക്കുള്ള രണ്ടിലേതെങ്കിലും തരത്തിലുള്ള തടവ് നൽകി ശിക്ഷിക്കപ്പെടുന്നതും അമ്പതിനായിരം രൂപ വരെ ആകാവുന്ന പിഴയ്ക്ക് കൂടി ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

(4) ഒരു മുതിർന്ന പൗരന്റെ കുടുംബാംഗമോ ബന്ധുവോ നിയമപരമായ അവകാശിയോ, അല്ലെങ്കിൽ ഒരു മുതിർന്ന പൗര പരിചരണ കേന്ദ്രത്തിന്റെ ചുമതലയുള്ള അധികാരിയോ, ഒരു മുതിർന്ന പൗര പരിചരണ കേന്ദ്രത്തിലെ ഏതെങ്കിലും ജീവനക്കാരനോ, ഒരു പരിചരണദാതാവോ ആയ ഏതൊരാളും, അത്തരം മുതിർന്ന പൗരനെ ശാരീരികമോ മാനസികമോ ആയ പീഡനത്തിനോ ക്രൂരതയ്ക്കോ വിധേയനാക്കുന്നപക്ഷം, മൂന്ന് വർഷം വരെ ആകാവുന്ന കാലത്തേക്കുള്ള രണ്ടിലേതെങ്കിലും തരത്തിലുള്ള തടവ് നൽകി ശിക്ഷിക്കപ്പെടുന്നതും അമ്പതിനായിരം രൂപ വരെ ആകാവുന്ന പിഴയ്ക്ക് കൂടി ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

<u>വിശദീകരണം</u>. —ഈ ഉപവകുപ്പിന്റെ ആവശ്യത്തിനായി, " ക്രൂരത" എന്നാൽ ഒരു മുതിർന്ന പൗരനെ അദ്ദേഹം താമസിക്കുന്ന വീട് വിട്ടുപോകാൻ നിർബന്ധിതനാക്കാൻ ഇടയുള്ളതോ അദ്ദേഹത്തിന്റെ ജീവനോ അവയവത്തിനോ ഗുരുതരമായ പരിക്കോ അപകടമോ ഉണ്ടാക്കാൻ ഇടയുള്ളതോ ആയ സ്വഭാവത്തിലുള്ള ഏതെങ്കിലും മനഃപൂർവ്വമായ പെരുമാറ്റം, അല്ലെങ്കിൽ ഒരു മുതിർന്ന പൗരന്റെ മാനസികമോ ശാരീരികമോ ആയ ആരോഗ്യത്തെ ബാധിക്കാൻ ഇടയുള്ള ഏതെങ്കിലും പ്രവൃത്തി അല്ലെങ്കിൽ ഒരു മുതിർന്ന പൗരന്റെ ഏതെങ്കിലും ജംഗമമോ സ്ഥാവരമോ ആയ സ്വത്തിനോ വിലപിടിപ്പുള്ള സെക്യൂരിറ്റിക്കോ വേണ്ടിയുള്ള ഏതെങ്കിലും നിയമവിരുദ്ധമായ ആവശ്യം നിറവേറ്റാൻ അദ്ദേഹത്തെ നിർബന്ധിക്കുന്നതിനായി അദ്ദേഹത്തെ ഉപദ്രവിക്കൽ എന്നർത്ഥമാകുന്നു.

(5) ഒരു മുതിർന്ന പൗരന്റെ പരിചരണത്തിനോ സംരക്ഷണത്തിനോ ക്ഷേമത്തിനോ ഉത്തരവാദിത്തമുള്ള കുടുംബാംഗമോ ബന്ധുവോ നിയമപരമായ അവകാശിയോ ആയ ഏതൊരാളും, അത്തരം മുതിർന്ന പൗരനെ ഒഴിവാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ, അദ്ദേഹത്തിന്റെ സമ്മതമില്ലാതെ ഏതെങ്കിലും മുതിർന്ന പൗര പരിചരണ കേന്ദ്രത്തിലോ മറ്റേതെങ്കിലും സ്ഥലത്തോ ഉപേക്ഷിക്കുന്നപക്ഷം, മൂന്ന് വർഷം വരെ ആകാവുന്ന കാലത്തേക്കുള്ള രണ്ടിലേതെങ്കിലും തരത്തിലുള്ള തടവ് നൽകി ശിക്ഷിക്കപ്പെടുന്നതും അമ്പതിനായിരം രൂപ വരെ ആകാവുന്ന പിഴയ്ക്ക് കൂടി ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

(6) 4-ാം വകുപ്പിലെ (vii)-ാം ഖണ്ഡം പ്രകാരം നൽകേണ്ട റിപ്പോർട്ട് ന്യായമായ കാരണമില്ലാതെ നൽകാതിരിക്കുന്ന ഏതൊരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറും, ഒരു മുതിർന്ന പൗര പരിചരണ കേന്ദ്രത്തിന്റെ ചുമതലയുള്ള ഏതൊരു അധികാരിയും, പതിനായിരം രൂപ വരെ ആകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(7) 2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിൽ (2023-ലെ 46-ാം കേന്ദ്ര ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള എല്ലാ കുറ്റങ്ങളും കോഗ്നൈസബിളും ജാമ്യം ലഭിക്കാവുന്നതും ആയിരിക്കുന്നതാണ്.

(8) ഈ ആക്റ്റ് പ്രകാരമുള്ള എല്ലാ കുറ്റങ്ങളും ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി വിചാരണ ചെയ്യേണ്ടതാണ്.

(9) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു സംഘടനയാണ് ചെയ്തിട്ടുള്ളതെങ്കിൽ, കുറ്റം ചെയ്ത സമയത്ത് ആ സംഘടനയുടെ കാര്യനിർവ്വഹണത്തിന്റെ ചുമതല വഹിച്ചിരുന്നതും അതിന് സംഘടനയോട് ഉത്തരവാദിത്തമുണ്ടായിരുന്നതുമായ ഓരോ വ്യക്തിയും, ആ സംഘടനയും, ആ കുറ്റത്തിന് കുറ്റക്കാരായി കരുതപ്പെടുന്നതും അതനുസരിച്ച് നടപടിക്ക് വിധേയരാകുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്:

എന്നാൽ, കുറ്റം തന്റെ അറിവോടെയല്ല ചെയ്തതെന്നോ അത്തരം കുറ്റം ചെയ്യുന്നത് തടയാൻ താൻ എല്ലാ യഥാവിധിയായ ജാഗ്രതയും പുലർത്തിയിരുന്നുവെന്നോ അത്തരം വ്യക്തി തെളിയിക്കുന്നപക്ഷം, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും അയാളെ ഏതെങ്കിലും ശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനാക്കുന്നതല്ല.

(10) (9)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു സംഘടന ചെയ്തിരിക്കുകയും, ആ കുറ്റം സംഘടനയുടെ ഏതെങ്കിലും ഡയറക്ടറുടെയോ ട്രസ്റ്റിയുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ ചെയ്തതാണെന്നോ അയാളുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷ മൂലം സംഭവിച്ചതാണെന്നോ തെളിയിക്കപ്പെടുകയും ചെയ്യുന്നപക്ഷം, അത്തരം ഡയറക്ടറോ ട്രസ്റ്റിയോ മാനേജരോ സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് കുറ്റക്കാരനായി കരുതപ്പെടുന്നതും അതനുസരിച്ച് നടപടിക്ക് വിധേയനാകുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

വിശദീകരണം.—(9), (10) എന്നീ ഉപവകുപ്പുകളുടെ ആവശ്യങ്ങൾക്കായി,—

1. " സംഘടന" എന്നതിൽ, രജിസ്റ്റർ ചെയ്തതോ അല്ലാത്തതോ ആയ, ഒരു കമ്പനിയോ മറ്റ് ബോഡി കോർപ്പറേറ്റോ, ഒരു സ്ഥാപനമോ, ഒരു സൊസൈറ്റിയോ, ഒരു ട്രസ്റ്റോ, ഒരു ഏജൻസിയോ, ഒരു സാമൂഹിക സംരംഭമോ, വ്യക്തികളുടെ മറ്റേതെങ്കിലും സമാജമോ ഉൾപ്പെടുന്നു;

2. " ഡയറക്ടർ" എന്നാൽ, ഒരു സ്ഥാപനത്തെ സംബന്ധിച്ച് ആ സ്ഥാപനത്തിലെ പങ്കാളി എന്നും, ഒരു സൊസൈറ്റിയെയോ ട്രസ്റ്റിനെയോ സംബന്ധിച്ച് അതിന്റെ ഭരണസമിതിയിലെ അംഗം അല്ലെങ്കിൽ ട്രസ്റ്റി എന്നും അർത്ഥമാകുന്നു.

# അധ്യായം XI

## പലവക

31. ഉത്തമ വിശ്വാസത്തോടെ സ്വീകരിക്കുന്ന നടപടികളുള്ള സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ പ്രകാരമോ ഉത്തമ വിശ്വാസത്തോടെ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതൊരു കാര്യത്തിനും അതിനെ സംബന്ധിച്ചും രജിസ്ട്രാർക്കോ സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റിനോ ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിനോ ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറത്തിനോ അവയിലെ ഏതെങ്കിലും അംഗത്തിനോ ഏതെങ്കിലും ഉദ്യോഗസ്ഥനോ മറ്റേതെങ്കിലും ജീവനക്കാരനോ എതിരെ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

32. ചെയർപേഴ്സൺ, അംഗങ്ങൾ, കൺവീനർ, ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവർ പബ്ലിക് സെർവന്റുമാർ ആയിരിക്കുന്നതാണെന്ന്.—സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റ്, ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ്, ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറം എന്നിവയുടെ ചെയർപേഴ്സൺ, കൺവീനർ, അംഗങ്ങൾ, ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവർ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രവർത്തിക്കുമ്പോഴോ പ്രവർത്തിക്കുന്നതായി കരുതപ്പെടുമ്പോഴോ 2023-ലെ ഭാരതീയ ന്യായ സംഹിതയിലെ (2023-ലെ 45-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പ് (28)-ാം ഖണ്ഡത്തിന്റെ അർത്ഥപരിധിക്കുള്ളിൽ പബ്ലിക് സെർവന്റുമാരായി കരുതപ്പെടുന്നതാണ്.

33. മറ്റ് നിയമങ്ങളുടെ ബാധകമാക്കൽ വിലക്കപ്പെടുന്നില്ല.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന് പുറമേയും അതിന് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

34. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തുന്നതിൽ ഏതെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരവ് മുഖേന, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമോ യുക്തമോ ആണെന്ന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകളുമായി പൊരുത്തക്കേടില്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിന് ശേഷം ഈ വകുപ്പ് പ്രകാരം അത്തരം യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും, അത് പുറപ്പെടുവിച്ചതിന് ശേഷം, കഴിയുന്നത്ര വേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

35. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഈ ആക്റ്റിലെ 5-ാം വകുപ്പിലെ (4)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന്റെ അധികാരങ്ങളും ചുമതലകളും;

(ബി) ഈ ആക്റ്റിലെ 9-ാം വകുപ്പിലെ (11)-ാം ഉപവകുപ്പ് പ്രകാരം ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ട വാർഷിക കണക്ക് പത്രികയുടെയും ആനുകാലിക ത്രൈമാസ വാർഷിക റിപ്പോർട്ടുകളുടെയും ഫാറം;

(സി) ഈ ആക്റ്റിലെ 12-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരം പരിചരണദാതാക്കളുടെ പരിശീലന കേന്ദ്രങ്ങളും ഗൃഹപരിചരണ സേവന ഏജൻസികളും ഉൾപ്പെടെ ഓരോ വിഭാഗം മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളുടെയും രജിസ്ട്രേഷനും രജിസ്ട്രേഷൻ പുതുക്കലിനുമുള്ള നടപടിക്രമവും രജിസ്ട്രേഷന് ആവശ്യമായ രേഖകളും;

(ഡി) ഈ ആക്റ്റിലെ 12-ാം വകുപ്പിലെ (6)-ാം ഉപവകുപ്പ് പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫാറം;

(ഇ) ഈ ആക്റ്റിലെ 12-ാം വകുപ്പിലെ (17)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന മുതിർന്ന പൗര പരിചരണ കേന്ദ്രത്തിന്മേൽ ചുമത്തേണ്ട പിഴ;

(എഫ്) ഈ ആക്റ്റിലെ 23-ാം വകുപ്പിലെ (5)-ാം ഉപവകുപ്പ് പ്രകാരം മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള സംസ്ഥാന കരുതൽ നിധിയുടെ ഭരണത്തിന്റെയും വിനിയോഗത്തിന്റെയും രീതി;

(ജി) ഈ ആക്റ്റിലെ 24-ാം വകുപ്പ് പ്രകാരം കണക്കുകളുടെ ആഡിറ്റിംഗിന്റെയും സംസ്ഥാന കരുതൽ നിധിയുടെ ആഡിറ്റിംഗിന്റെയും വാർഷിക കണക്ക് പത്രിക തയ്യാറാക്കുന്നതിന്റെയും രീതിയും ഫാറവും;

(എച്ച്) ഈ ആക്റ്റിലെ 25-ാം വകുപ്പ് പ്രകാരം രജിസ്ട്രാർ സർക്കാരിന് സമർപ്പിക്കേണ്ട വാർഷിക റിപ്പോർട്ടിന്റെയും വാർഷിക ഭരണ റിപ്പോർട്ടിന്റെയും, ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന്റെയും ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറത്തിന്റെയും പ്രവർത്തനവും ഭരണവും സംബന്ധിച്ച പത്രികയുടെയും ഫാറം;

(ഐ) ഈ ആക്റ്റിലെ 27-ാം വകുപ്പ് പ്രകാരം അന്തേവാസികളായ മുതിർന്ന പൗരന്മാരുടെ സ്വത്തുക്കൾ മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങൾക്കോ സംസ്ഥാന കരുതൽ നിധിക്കോ മറ്റാർക്കെങ്കിലുമോ ദാനം ചെയ്യുന്നതിനായി ഒപ്പുവയ്ക്കേണ്ട കരാറിന്റെ ഫാറം;

(ജെ) ഈ ആക്റ്റിലെ 26-ാം വകുപ്പിലെ (8)-ാം ഉപവകുപ്പ് പ്രകാരം ഗവേണിംഗ് കൗൺസിലിന്റെ ഘടനയും അധികാരങ്ങളും ചുമതലകളും;

(കെ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് ഏതൊരു കാര്യവും.

(3) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിന് ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

36. <u>മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—മുതിർന്ന പൗര വകുപ്പ് ഡയറക്ടർ, സർക്കാരിന്റെ അംഗീകാരത്തോടെ, താഴെപ്പറയുന്ന കാര്യങ്ങൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്:—

(i) 3-ാം വകുപ്പിലെ (v)-ാം ഖണ്ഡം പ്രകാരം, ഒരു മുതിർന്ന പൗരൻ ലിവിംഗ് വിൽ, മരണശേഷം ശരീരം ദാനം ചെയ്യുന്നതിനുള്ള വിൽപത്രം, അല്ലെങ്കിൽ തന്റെ ജംഗമമോ സ്ഥാവരമോ ആയ സ്വത്തുക്കൾ മുതിർന്ന പൗര പരിചരണ കേന്ദ്രത്തിനോ സംസ്ഥാന കരുതൽ നിധിക്കോ മറ്റാർക്കെങ്കിലുമോ ദാനം ചെയ്യുന്നതിനുള്ള വിൽപത്രം തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമം;

(ii) ഈ ആക്റ്റിലെ III-ാം അധ്യായം പ്രകാരം ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറം, ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ്, സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് എന്നിവയിലെ എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ ഫീസും മറ്റ് ബത്തകളും;

(iii) ഈ ആക്റ്റിലെ III-ാം അധ്യായം പ്രകാരം ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ്, സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് എന്നിവയിലെ സാമൂഹിക പ്രവർത്തകർ, ടെക്നിക്കൽ അസിസ്റ്റന്റ്, ലീഗൽ ഓഫീസർ, മറ്റ് ജീവനക്കാർ എന്നിവരുടെ യോഗ്യത, പരിചയം, മറ്റ് സേവന വ്യവസ്ഥകളും നിബന്ധനകളും;

(iv) 7-ാം വകുപ്പിലെ (6)-ാം ഉപവകുപ്പ്, 12-ാം വകുപ്പിലെ (10)-ാം ഉപവകുപ്പ് എന്നിവ പ്രകാരം മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങൾ അടച്ചുപൂട്ടുന്നതിനും അന്തേവാസികളെ പുനരധിവസിപ്പിക്കുന്നതിനുമുള്ള നടപടിക്രമം;

(v) 9-ാം വകുപ്പ്, 12-ാം വകുപ്പ് (4)-ാം ഉപവകുപ്പ് എന്നിവ പ്രകാരം ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റുകളുടെ അന്വേഷണങ്ങൾ, പരിശോധനകൾ, റിപ്പോർട്ടുകൾ എന്നിവയ്ക്കുള്ള നടപടിക്രമം;

(vi) ഈ ആക്റ്റിലെ 10-ാം വകുപ്പിലെ (5)-ാം ഉപവകുപ്പ് പ്രകാരം സ്ഥാപനങ്ങളുടെ വിഭാഗങ്ങൾ, ഭൗതിക സൗകര്യങ്ങൾ, പ്രവർത്തന നിലവാരം, ഓരോ വിഭാഗം മുതിർന്ന പൗര പരിചരണ കേന്ദ്രവും നൽകേണ്ട സേവനങ്ങളെ സംബന്ധിച്ച മിനിമം നിലവാര മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ;

(vii) 11-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുള്ള ഫാറവും നടപടിക്രമവും;

(viii) 12-ാം വകുപ്പ് പ്രകാരം, പുതുക്കൽ ഫീസും പിഴ ഫീസും ഉൾപ്പെടെയുള്ള ഫീസ് ഈടാക്കലും;

(ix) ആക്റ്റിലെ 13-ാം വകുപ്പ് പ്രകാരം ഡിജിറ്റൽ പ്ലാറ്റ്ഫോമുകളായോ അവ മുഖേനയോ പ്രവർത്തിക്കുന്ന ഗൃഹപരിചരണ സേവന ഏജൻസികളുടെ തുടർ ബാദ്ധ്യതകൾക്കുള്ള നടപടിക്രമങ്ങൾ;

(x) ഈ ആക്റ്റിലെ VI-ാം അധ്യായം പ്രകാരം പരിചരണദാതാക്കളുടെ പരിശീലന കേന്ദ്രങ്ങളുടെ സ്ഥാപനം, രജിസ്ട്രേഷൻ, പ്രവർത്തനം, അവയുടെ മിനിമം നിലവാരം എന്നിവ;

(xi) ഈ ആക്റ്റിലെ VI-ാം അധ്യായം പ്രകാരം പരിചരണദാതാക്കളും അവരുടെ സേവനദാതാക്കളും തമ്മിലുള്ള കരാറിൽ ഉൾപ്പെടുത്തേണ്ട സേവന വ്യവസ്ഥകളും നിബന്ധനകളും;

(xii) 15-ാം വകുപ്പിലെ (4)-ാം ഉപവകുപ്പ് പ്രകാരം പരിചരണദാതാക്കളുടെ പ്രവേശന ഫീസ്, പ്രതിഫലം, സേവന വ്യവസ്ഥകളും നിബന്ധനകളും, പരിചരണദാതാക്കൾ മുതിർന്ന പൗരന്മാർക്ക് നൽകേണ്ട സേവനങ്ങളുടെ ഗുണനിലവാരം, പരിശീലനത്തിന്റെ കാലദൈർഘ്യം, പരിശീലന സർട്ടിഫിക്കറ്റിന്റെ ഫാറം, പരിശീലന ഫീസ്, അവയോട് ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ;

(xiii) 19-ാം വകുപ്പ് പ്രകാരമുള്ള പരിചരണ വിലയിരുത്തലിനുള്ള ഏകീകൃത രീതിശാസ്ത്രം;

(xiv) 21-ാം വകുപ്പ് പ്രകാരം ഒരു മുതിർന്ന പൗരനെതിരെ നടത്തുന്ന സൈബർ തട്ടിപ്പ് കൈകാര്യം ചെയ്യുന്നതിനുള്ള അതിവേഗ സമയപരിധികൾ;

(xv) 26-ാം വകുപ്പ് പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ട സിവിൽ നിർമ്മാണ പെർമിറ്റ് ഉൾപ്പെടെ, പൊതുകെട്ടിടങ്ങളിലും സ്ഥലങ്ങളിലും വയോജന സൗഹൃദ സൗകര്യങ്ങളുടെ മിനിമം നിലവാരം;

(xvi) 29-ാം വകുപ്പ് പ്രകാരം, കുടുംബാംഗങ്ങളോ ബന്ധുക്കളോ നിയമപരമായ അവകാശികളോ ഉള്ളതോ ഇല്ലാത്തതോ ആയ, മുതിർന്ന പൗര പരിചരണ കേന്ദ്രത്തിലെ മരണമടഞ്ഞ അന്തേവാസികളുടെ ദഹിപ്പിക്കലോ സംസ്കാരമോ.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ആഗോള ആയുർദൈർഘ്യം ഇരട്ടിയായതോടെ മനുഷ്യരാശി ഇന്ന് മുമ്പെങ്ങുമില്ലാത്ത ദീർഘായുസ്സ് അനുഭവിക്കുന്നു. ഇന്ത്യൻ കൂട്ടുകുടുംബ സമ്പ്രദായം മുതിർന്ന പൗരന്മാരുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിൽ ശക്തമായ ഒരു തൂണായിരുന്നു. എന്നാൽ ആധുനികവൽക്കരണവും ആഗോളവൽക്കരണവും അണുകുടുംബങ്ങൾക്ക് വഴിയൊരുക്കി. ഇത് മുതിർന്ന പൗര ജനസംഖ്യയുടെ സാധാരണ ജീവിതസാഹചര്യങ്ങളെ പൊതുവിൽ പ്രതികൂലമായി ബാധിച്ചു. മുതിർന്ന പൗരന്മാരുടെ ജനസംഖ്യ വർഷങ്ങളായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ അവരെ യുവ വൃദ്ധർ (60-69 വയസ്സ്), വൃദ്ധർ (70-79 വയസ്സ്), അതിവൃദ്ധർ (80-89 വയസ്സ്), അത്യന്തം വൃദ്ധർ (90 വയസ്സിന് മുകളിൽ) എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. അവരുടെ അവകാശങ്ങൾ ഓരോ ദിവസവും കവർന്നെടുക്കപ്പെടുകയാണ്. ഇന്ന് അവർ നമ്മുടെ സമൂഹത്തിലെ ഏറ്റവും ദുർബലമായ വിഭാഗമായി മാറിയിരിക്കുന്നു.

മുതിർന്ന പൗരന്മാരുടെ പരിചരണവും ക്ഷേമവും സാമൂഹിക സുരക്ഷയും ഉറപ്പാക്കാൻ നിലവിലുള്ള സർക്കാർ നയങ്ങളും മാനദണ്ഡങ്ങളും പോലും പര്യാപ്തമല്ല. അതിനാൽ, മുതിർന്ന പൗരന്മാർക്ക് വരുമാനം നേടാനും അന്തസ്സുള്ളതും സ്വതന്ത്രവുമായ ജീവിതം നയിക്കാനും കഴിയുന്ന തരത്തിൽ അവർക്ക് പരിചരണവും ക്ഷേമവും സാമൂഹിക സുരക്ഷയും പിന്തുണയും നൽകാനുള്ള ബാദ്ധ്യത സംസ്ഥാനത്തിനുണ്ട്. കുടുംബങ്ങളിലും സമൂഹങ്ങളിലുമുള്ള അടിസ്ഥാനപരമായ മാറ്റങ്ങൾക്കൊപ്പം, മുതിർന്ന പൗര ജനസംഖ്യയുടെ അനുപാതത്തിലുള്ള വർദ്ധനവിനും കേരളത്തിലെ വാർദ്ധക്യ പ്രക്രിയ സാക്ഷ്യം വഹിക്കുന്നു.

വൈദ്യശാസ്ത്രത്തിന്റെ പുരോഗതിയും മുതിർന്ന പൗരന്മാർക്കിടയിലെ ആരോഗ്യ അവബോധവും കാരണം കേരളത്തിലെ മുതിർന്നവരുടെ ആയുർദൈർഘ്യം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. സാമ്പത്തിക സ്ഥിതിയിലും ആയുർദൈർഘ്യത്തിലുമുള്ള മാറ്റത്തിനനുസരിച്ച് മുതിർന്ന പൗരന്മാരുടെ ആശങ്കകളും മാറിയിട്ടുണ്ട്. അതിനാൽ, പ്രത്യേകിച്ച് ഗ്രാമീണ അർദ്ധനഗര പ്രദേശങ്ങളിൽ, സമർപ്പിത ഗൃഹാരോഗ്യ പരിചരണ സൗകര്യങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണ്. ആയതിനാൽ, വാർദ്ധക്യത്തിലെത്തുന്ന ജനസംഖ്യയുടെ ആവശ്യങ്ങൾ ഉൾക്കൊള്ളുന്നതിനായി വിവിധ സംവിധാനങ്ങൾ പുനർനിർമ്മിക്കുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിന് ദീർഘകാല ശ്രദ്ധയും ദീർഘവീക്ഷണ ത്തോടെയുള്ള ആസൂത്രണവും ആവശ്യമാണ്. ആരോഗ്യകരമായ വാർദ്ധക്യത്തിനായുള്ള നയങ്ങളും പദ്ധതികളും മുൻഗണനാ ഇടപെടലുകളും ലോകാരോഗ്യ സംഘടനയും ആവശ്യപ്പെടുന്നുണ്ട്.

വയോജന ഗൃഹാരോഗ്യ പരിചരണം ഇക്കാലത്ത് വെല്ലുവിളി നിറഞ്ഞ ഒരു മേഖലയാണ്. എന്നാൽ മാനസികവും കുടുംബപരവുമായ പിന്തുണയില്ലാതെ ഒറ്റയ്ക്ക് താമസിക്കുന്ന നിരവധി മുതിർന്ന പൗരന്മാർക്ക് ഇത് അഭികാമ്യവും മിക്കപ്പോഴും ഏക ആശ്രയവുമാണ്. മാനസിക പിന്തുണയും ആശ്വാസവും നൽകുന്ന സൗകര്യപ്രദമായ ഇടമാണ് വീട്. വയോജന പരിചരണ പരിപാടികളിൽ സാധാരണയായി മുതിർന്ന പൗരന്മാരെ വീട്ടിൽ ജീവിക്കാൻ സഹായിക്കുന്ന പരിചരണദാതാക്കൾ നൽകുന്ന

സേവനങ്ങൾ ഉൾപ്പെടുന്നു. നന്നായി ആസൂത്രണം ചെയ്ത ഒരു ഗൃഹപരിചരണ സേവനം മുതിർന്ന പൗരന്മാരുടെ, പ്രത്യേകിച്ച് കിടപ്പുരോഗികളുടെയും അതിവൃദ്ധ വിഭാഗത്തിൽപ്പെട്ടവരുടെയും, ആരോഗ്യവും മൊത്തത്തിലുള്ള ക്ഷേമവും മെച്ചപ്പെടുത്താൻ സഹായിക്കും. നിർഭാഗ്യവശാൽ, നിലവിൽ ഈ മേഖലയിൽ പ്രത്യേകവും ആസൂത്രിതവുമായ മാർഗ്ഗനിർദ്ദേശങ്ങളൊന്നുമില്ല.

സംസ്ഥാനത്തിന്റെ എല്ലാ കോണുകളിലും ഗൃഹപരിചരണ സേവനങ്ങൾ അതിവേഗം വളർന്നുവരുന്ന സേവനങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. പരിചരണദാതാക്കളെ ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ ഗൃഹാധിഷ്ഠിത മുതിർന്ന പൗര പരിചരണ സേവനങ്ങൾക്ക് അനുയോജ്യമായ ഒരു നിശ്ചിത പദ്ധതി പ്രകാരമല്ല പ്രവർത്തിക്കുന്നത്. അതുപോലെ, മുതിർന്ന പൗര പരിചരണത്തിൽ, പ്രത്യേകിച്ച് കിടപ്പിലായവരോ ജീവിതാന്ത്യത്തോട് അടുത്തവരോ ദീർഘകാല രോഗങ്ങൾ, മാനസികവും ശാരീരികവുമായ ആരോഗ്യപ്രശ്നങ്ങൾ, ഡിമെൻഷ്യ തുടങ്ങിയവ ബാധിച്ചവരോ ആയ മുതിർന്ന പൗരന്മാരുടെ കാര്യത്തിൽ, പരിചരണദാതാക്കൾക്ക് പരിശീലനം നൽകുന്നതിന് നിശ്ചിതമായ ഒരു സംവിധാനവും നിലവിലില്ല.

മുതിർന്ന പൗരന്മാർക്ക് ഗൃഹപരിചരണ സേവനങ്ങളോടൊപ്പം സാന്ത്വന പരിചരണം, നഴ്സിംഗ് പരിചരണം, വ്യക്തിഗത പരിചരണം എന്നിവ ആവശ്യമാണ്. ഇത് ഏറ്റവും ചെലവേറിയ സേവനങ്ങളിലൊന്നായി മാറിയിട്ടുണ്ടെങ്കിലും, പഠനാവശ്യങ്ങൾക്കോ മെച്ചപ്പെട്ട തൊഴിലവസരങ്ങൾക്കോ വേണ്ടി കുടുംബാംഗങ്ങളോ ബന്ധുക്കളോ നിയമപരമായ അവകാശികളോ വിദേശത്തേക്ക് കുടിയേറുന്നതിന്റെ ഫലമായി മുതിർന്ന പൗരന്മാർ വീട്ടിലോ സ്ഥാപനത്തിലോ ഒറ്റപ്പെടുമ്പോൾ, കേരളത്തിൽ ഇത് അഭികാമ്യവും മിക്കപ്പോഴും ഏക ആശ്രയവുമാണ്. ഗൃഹപരിചരണ സേവന ഏജൻസികളുടെയും സേവനദാതാക്കളുടെയും ഹോം നഴ്സിംഗ് ഏജൻസികളുടെയും പരിശീലന കേന്ദ്രങ്ങളുടെയും എണ്ണത്തിൽ ഇക്കാലത്ത് അനിയന്ത്രിതമായ വർദ്ധനവ് കാണുന്നു. അത്തരം

ഏജൻസികളെ നിയന്ത്രിക്കുന്നതിന് നിശ്ചിത ചട്ടങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ ഇല്ലാത്തതിനാൽ, പരിചരണദാതാക്കളിൽ ഭൂരിഭാഗം പേരും ഇപ്പോഴും ശരിയായ പരിശീലനം ലഭിച്ചവരോ മുതിർന്ന പൗര പരിചരണത്തിൽ തൊഴിൽപരമായ നൈപുണ്യവും വൈദഗ്ദ്ധ്യവും ഉള്ളവരോ അല്ല. ഗൃഹാധിഷ്ഠിത ആരോഗ്യ പരിചരണ സേവനങ്ങളും അനുബന്ധ കാര്യങ്ങളും സംയോജിപ്പിക്കുന്നതിനും ഏകീകരിക്കുന്നതിനും, കേരളം സംസ്ഥാനത്ത് അവയുടെ സേവനങ്ങളുടെ പ്രവർത്തനത്തിന് ഒരു നിയമ ചട്ടക്കൂട് സൃഷ്ടിക്കുന്നതിനും ഈ മേഖലയിൽ അടിയന്തര നയപരമായ ഇടപെടൽ ആവശ്യമാണ്. മുതിർന്ന പൗരന്മാർ പാർശ്വവൽക്കരിക്കപ്പെടുകയോ സംരക്ഷണമില്ലാതെ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കുന്നതിനും, അവരുടെ സാമ്പത്തിക സുരക്ഷ, ആരോഗ്യ പരിരക്ഷ, പാർപ്പിടം, അവകാശ സംരക്ഷണം എന്നിവയ്ക്കായി നിലകൊള്ളുന്നതിനും, എല്ലാത്തരം ചൂഷണങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി സമഗ്രമായ ഒരു നിയമ നിർമ്മാണം കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ നിയമമാകുന്നപക്ഷം, മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള സംസ്ഥാന കരുതൽ നിധി രൂപീകരിക്കുന്നതിന് സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ആവർത്തന ചെലവ് ഇനത്തിൽ പ്രതിവർഷം 25 ലക്ഷം രൂപയും മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് രൂപീകരിക്കുന്നതിന് നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നതിനാൽ പ്രത്യേക ഗണ്യമായ അനാവർത്തന ചെലവ് നിലവിൽ പ്രതീക്ഷിക്കുന്നില്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡത്തിലെ ഇനം (iv)-ൽ ലളിതമായ ഇന്റർഫേസുകൾ, വലിയ അക്ഷരങ്ങൾ, ശബ്ദസഹായ സംവിധാനം, ഹൈ കോൺട്രാസ്റ്റ് ഡിസ്പ്ലേ മോഡുകൾ എന്നിവ ഉൾപ്പെടെ, മുതിർന്ന പൗരന്മാരുടെ ഉപയോഗത്തിനായി രൂപകൽപന ചെയ്ത സംസ്ഥാന ഡിജിറ്റൽ പോർട്ടലുകൾക്കുള്ള പ്രവേശനക്ഷമതാ മാനദണ്ഡങ്ങൾ വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 5-ാം ഖണ്ഡത്തിൽ,—(i) സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റിനെ വിജ്ഞാപനം വഴി രൂപീകരിക്കുന്നതിന് (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;—

(ii) സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റിലെ ജീവനക്കാരുടെ യോഗ്യത, പരിചയം, സേവന വ്യവസ്ഥകൾ, നിബന്ധനകൾ, എന്നിവ നിർണ്ണയിക്കുന്നതിന് (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;

(iii) സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റിലെ എക്സ്- ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ കാലാവധിയും അവരുടെ ഫീസും മറ്റ് ബത്തകളും മാർഗ്ഗനിർദ്ദേശങ്ങളിൽ നിർണ്ണയിക്കുന്നതിന് (3)-ാം ഉപഖണ്ഡം മുതിർന്ന പൗര വകുപ്പ് ഡയറക്ടറെ അധികാരപ്പെടുത്തുന്നു;

(iv) സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന്റെ അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കുന്നതിന് (4)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 6-ാം ഖണ്ഡത്തിൽ.—(i) ഓരോ ജില്ലയിലും ഒരു ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറം വിജ്ഞാപനം വഴി രൂപീകരിക്കുന്നതിന് (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;—

(ii) എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ കാലാവധിയും അവരുടെ ഫീസും മറ്റ് ബത്തകളും നിർണ്ണയിക്കുന്നതിന് (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ബില്ലിലെ 7-ാം ഖണ്ഡം (6)-ാം ഉപഖണ്ഡത്തിൽ, ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന്റെ നിർദ്ദേശം പാലിക്കാതെ പ്രവർത്തനം തുടരുന്ന മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങൾ അടച്ചുപൂട്ടുന്നതിനും അത്തരം കേന്ദ്രങ്ങളിലെ അന്തേവാസികളെ പുനരധിവസിപ്പിക്കുന്നതിനും സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് രജിസ്ട്രാർക്ക്

സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് മുതിർന്ന പൗര വകുപ്പ് ഡയറക്ടറെ അധികാരപ്പെടുത്തുന്നു.

5. ബില്ലിലെ 8-ാം ഖണ്ഡത്തിൽ,—(i) ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറത്തെയും രജിസ്ട്രാറെയും സഹായിക്കുന്നതിനായി ഓരോ ജില്ലയിലും ഒരു ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് വിജ്ഞാപനം വഴി രൂപീകരിക്കുന്നതിന് (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;—

(ii) ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിലെ ജീവനക്കാരുടെ യോഗ്യത, പരിചയം, സേവന വ്യവസ്ഥകൾ, നിബന്ധനകൾ എന്നിവ നിർണ്ണയിക്കുന്നതിന് (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;

(iii) എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ കാലാവധിയും അവരുടെ ഫീസും മറ്റ് ബത്തകളും നിർണ്ണയിക്കുന്നതിന് (3)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ബില്ലിലെ 9-ാം ഖണ്ഡത്തിലെ,—(i) മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളുടെ രജിസ്ട്രേഷനുള്ള അപേക്ഷ ന്യൂനതയുള്ളതാണെങ്കിൽ ന്യൂനതകൾ പരിഹരിച്ച് വീണ്ടും സമർപ്പിക്കുന്നതിനുള്ള സമയപരിധി നിഷ്കർഷിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് (3)-ാം ഉപഖണ്ഡം മുതിർന്ന പൗര വകുപ്പ് ഡയറക്ടറെ അധികാരപ്പെടുത്തുന്നു;—

(ii) രജിസ്റ്റർ ചെയ്യാത്തതോ അനധികൃതമോ ആയ ഏതെങ്കിലും മുതിർന്ന പൗര പരിചരണ കേന്ദ്രം ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് അന്വേഷിച്ച് ഉറപ്പാക്കുകയും അപ്രകാരം കണ്ടെത്തുന്നപക്ഷം, വിശദമായ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കുന്നതിന് നിശ്ചിത കാലയളവ് നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടവിക്കുന്നതിന് (4)-ാം ഉപഖണ്ഡം മുതിർന്ന പൗര വകുപ്പ് ഡയറക്ടറെ അധികാരപ്പെടുത്തുന്നു;

(iii) മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങൾക്കും പരിചരണദാതാക്കളുടെ പരിശീലന കേന്ദ്രങ്ങൾക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും നിഷ്കർഷിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടവിക്കുന്നതിന് (9)-ാം ഉപഖണ്ഡം മുതിർന്ന പൗര വകുപ്പ് ഡയറക്ടറെ അധികാരപ്പെടുത്തുന്നു;

(iv) ജില്ലയിലെ വയോജന പരിചരണ കേന്ദ്രങ്ങളുടെ വിവര സുരക്ഷാ സംവിധാനത്തോടു കൂടിയ, കാലികമായ ഡാറ്റാബേസ് സൂക്ഷിക്കുന്നതിനുള്ള ഫാറം നിർണ്ണയിക്കുന്നതിന് (11)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. ബില്ലിലെ 10-ാം ഖണ്ഡത്തിൽ,—(i) മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളുടെ മിനിമം നിലവാരങ്ങളും സൗകര്യങ്ങളും സംവിധാനങ്ങളും നിർണ്ണയിക്കുന്നതിന് (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;—

(ii) (5)-ാം ഉപഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള വിഭാഗം മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളുടെയും നടത്തിപ്പിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

8. ബില്ലിലെ 11-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിൽ ഓരോ തരം പരിചരണ കേന്ദ്രങ്ങളുടെയും രജിസ്ട്രേഷൻ വിവരങ്ങൾ പ്രത്യേകം രജിസ്റ്ററുകളിൽ സൂക്ഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. ബില്ലിലെ 12-ാം ഖണ്ഡത്തിൽ,—(i) മുതിർന്ന പൗര പരിചരണ കേന്ദ്രത്തിന്റെ രജിസ്ട്രേഷനായി, അത്തരം കേന്ദ്രത്തിന്റെ ചുമതലയുള്ള അധികാരി എപ്രകാരമാണ് രജിസ്ട്രേഷനു അപേക്ഷിക്കേണ്ടതെന്നും ആയതിനുള്ള ഫാറവും ഫീസും നിർണ്ണയിക്കുന്നതിന് (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;

(ii)ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പ് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്ത്, സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളും സമാനമായ മറ്റ് സ്ഥാപനങ്ങളും രജിസ്ട്രേഷനായി നൽകേണ്ട ഫീസ് നിർണ്ണയിക്കുന്നതിന് (3)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;

(iii) മുതിർന്ന പൗര പരിചരണ കേന്ദ്രത്തിന്റെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷയിന്മേലുള്ള ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന്റെ റിപ്പോർട്ട്, രജിസ്ട്രാർക്ക് നൽകുന്നതിനുള്ള ഫാറം നിർണ്ണയിക്കുന്നതിനും രജിസ്ട്രേഷനുള്ള അപേക്ഷയിൽ ന്യൂനതയുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള സമയപരിധി നിർണ്ണയിക്കുന്നതിനും (4)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;

(iv) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫാറം നിർണ്ണയിക്കുന്നതിന് (6)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;

(v) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് (7)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;

(vi) രജിസ്ട്രേഷനുള്ള അപേക്ഷ നിരസിച്ച ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യാത്തതോ ഫയൽ ചെയ്ത അപ്പീൽ നിരസിക്കപ്പെട്ടതോ ആയ കേന്ദ്രങ്ങൾ അടച്ചുപൂട്ടുന്നതിനും അന്തേവാസികളെ പുനരധിവസിപ്പിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ നിർണ്ണയിക്കുന്നതിന് (10)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;

(vii) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള അപേക്ഷയുടെ ഫാറം, ഫീസ് എന്നിവ നിർണ്ണയിക്കുന്നതിന് (11)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;

(viii) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി അവസാനിച്ച ശേഷം സമർപ്പിക്കുന്ന രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷയ്ക്കുള്ള പിഴ ഫീസ് നിർണ്ണയിക്കുന്നതിന് (14)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;

(ix) ഏതെങ്കിലും മുതിർന്ന പൗര പരിചരണ കേന്ദ്രം ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ആറ് മാസ കാലയളവ് കഴിഞ്ഞിട്ടും ഈ ആക്റ്റ് പ്രകാരമുള്ള രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തനം തുടരുന്നപക്ഷം ആയതുമായി ബന്ധപ്പെട്ട് ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് രജിസ്ട്രാർക്ക് ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ പ്രസ്തുത കേന്ദ്രത്തിന് ചുമത്തേണ്ട പിഴ നിർണ്ണയിക്കുന്നതിന് (17)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. ബില്ലിലെ 13-ാം ഖണ്ഡത്തിൽ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളായോ അവ മുഖേനയോ പ്രവർത്തിക്കുന്ന ഗൃഹപരിചരണ സേവന ഏജൻസികളുടെ തുടർ ബാദ്ധ്യതകൾ നിഷ്കർഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് മുതിർന്ന പൗര വകുപ്പ് ഡയറക്ടറെ അധികാരപ്പെടുത്തുന്നു.

11. ബില്ലിലെ 15-ാം ഖണ്ഡം (4)-ാം ഉപഖണ്ഡത്തിൽ പരിചരണദാതാക്കളുടെ പ്രവേശന ഫീസ്, പ്രതിഫലം, സേവന വ്യവസ്ഥകളും നിബന്ധനകളും, പരിചരണദാതാക്കൾ മുതിർന്ന പൗരന്മാർക്ക് നൽകേണ്ട സേവനങ്ങളുടെ ഗുണനിലവാരം, പരിശീലനത്തിന്റെ കാലദൈർഘ്യം, പരിശീലന സർട്ടിഫിക്കറ്റിന്റെ ഫാറം, പരിശീലന ഫീസ്, അവയോട് ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ എന്നിവ നിഷ്കർഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

12. ബില്ലിലെ 16-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൽ കേരളം വയോജന പരിചരണ സർട്ടിഫിക്കേഷൻ ചട്ടക്കൂട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് കൂടിയാലോചന നടത്തുന്നതിനായി അത്തരം ഏജൻസികളെ വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

13. ബില്ലിലെ 17-ാം ഖണ്ഡത്തിൽ,—(i) കേരളം വയോജന പരിചരണ സർട്ടിഫിക്കേഷൻ ചട്ടക്കൂട് പ്രകാരം സർട്ടിഫിക്കേഷൻ ലഭിച്ച ഓരോ പരിചരണദാതാവും സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;

(ii) ചട്ടക്കൂട് പ്രകാരമുള്ള പൂർണ്ണ സർട്ടിഫിക്കേഷന് പകരമായി പൂർത്തിയാക്കേണ്ട ഒരു ബ്രിഡ്ജ് കോഴ്സോ പുനഃപരിശീലന കോഴ്സോ നിർണ്ണയിക്കുന്നതിന് (3)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധന സർക്കാരിനെ അധികാരപ്പെടുത്തുന്നു.

14. ബില്ലിലെ 19-ാം ഖണ്ഡത്തിൽ,—(i) ഈ ആക്റ്റിലെ 4-ാം ഖണ്ഡം ഇനം (ii) പ്രകാരം ഒരു മുതിർന്ന പൗരന് അർഹതയുള്ള പരിചരണത്തിന്റെ തലവും വിഭാഗവും നിർണ്ണയിക്കുന്നതിനും ഒരു മുതിർന്ന പൗരന്റെ ആന്തരിക ശേഷിയുടെ വിലയിരുത്തലിനുള്ള ഒരു ഏകീകൃത രീതിശാസ്ത്രം നിഷ്കർഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും (1)-ാം ഉപഖണ്ഡം മുതിർന്ന പൗര വകുപ്പ് ഡയറക്ടറെ അധികാരപ്പെടുത്തുന്നു;

(ii) ഒരു പരിചരണ വിലയിരുത്തൽ മൂല്യനിർണ്ണയം ചെയ്യേണ്ട, സ്വയം പരിപാലന കൃത്യങ്ങൾ ഉൾപ്പെടെയുള്ള ദൈനംദിന ജീവിത പ്രവർത്തനങ്ങൾ കണ്ടെത്തി നിർണ്ണയിക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് (2)-ാം ഉപഖണ്ഡം മുതിർന്ന പൗര വകുപ്പ് ഡയറക്ടറെ അധികാരപ്പെടുത്തുന്നു.

15. ബില്ലിലെ 21-ാം ഖണ്ഡത്തിൽ ഒരു മുതിർന്ന പൗരനെതിരെ നടത്തുന്ന സൈബർ തട്ടിപ്പ് കൈകാര്യം ചെയ്യുന്നതിനുള്ള അതിവേഗ സമയപരിധി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് മുതിർന്ന പൗര വകുപ്പ് ഡയറക്ടറെ അധികാരപ്പെടുത്തുന്നു.

16. ബില്ലിലെ 23-ാം ഖണ്ഡത്തിൽ,—(i) മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള ഒരു സംസ്ഥാന കരുതൽ നിധി വിജ്ഞാപനം വഴി രൂപീകരിക്കുന്നതിന് (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;

(ii) സംസ്ഥാന കരുതൽ നിധിയിലേക്ക് വരവു വയ്ക്കേണ്ട മറ്റ് സ്രോതസ്സുകൾ നിർണ്ണയിക്കുന്നതിന് (2)-ാം ഉപഖണ്ഡം (ജി) ഇനത്തിൽ സർക്കാരിനെ അധികാരപ്പെടുത്തുന്നു;

(iii) സംസ്ഥാന കരുതൽ നിധിയുടെ വിനിയോഗ രീതിയും ഭരണവും നിർണ്ണയിക്കുന്നതിന് (5)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

17. ബില്ലിലെ 24-ാം ഖണ്ഡത്തിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഫാറവും കണക്കുകളുടെ ആഡിറ്റ് നടത്തുന്ന രീതിയും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

18. ബില്ലിലെ 25-ാം ഖണ്ഡത്തിൽ വാർഷിക റിപ്പോർട്ടും വാർഷിക ഭരണ റിപ്പോർട്ടും സമർപ്പിക്കേണ്ട ഫാറവും രീതിയും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

19. ബില്ലിലെ 26-ാം ഖണ്ഡത്തിൽ,—(i) സമൂഹാധിഷ്ഠിത മുതിർന്ന പൗര പരിചരണ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും, പൊതു ഓഫീസുകളിൽ മുതിർന്ന പൗരന്മാർക്കായി പ്രത്യേക ക്യൂ ഉൾപ്പെടെ കൂടുതൽ പ്രാപ്യവും മുതിർന്ന പൗര സൗഹൃദവുമായ പരിസ്ഥിതി, ഗതാഗതം, വിവരം, ആശയവിനിമയം, മറ്റ് പൊതു സൗകര്യങ്ങൾ എന്നിവ സൃഷ്ടിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റ് സർക്കാർ ഏജൻസികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;

(ii) സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ സംരക്ഷണം, പരിചരണം, ക്ഷേമം, സുരക്ഷ എന്നിവയ്ക്കായി സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഫലപ്രദമായ ഏകോപനം ഉറപ്പാക്കുന്നതിന് ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കുന്നതിന് (8)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു;

(iii) സംസ്ഥാനത്ത് വിവിധതരം പരിചരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള ഭൗതിക സൗകര്യങ്ങളുടെ മാനദണ്ഡങ്ങളും പ്രവർത്തന നിലവാരവും നിശ്ചയിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് (9)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

20. ബില്ലിലെ 27-ാം ഖണ്ഡത്തിൽ സ്വമേധയായുള്ള സംഭാവനകൾ നൽകുന്നതിനുള്ള നടപടിക്രമം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

21. ബില്ലിലെ 28-ാം ഖണ്ഡത്തിൽ ലിവിംഗ് വിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട രീതിയും ഫാറവും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

22. ബില്ലിലെ 34-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൽ, ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

23. ബില്ലിലെ 35-ാം ഖണ്ഡത്തിൽ ഗസറ്റ് വിജ്ഞാപനം വഴി ബില്ലിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

24. ബില്ലിലെ 36-ാം ഖണ്ഡത്തിൽ, ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാക്കുന്നതിനു മുതിർന്ന പൗര വകുപ്പ് ഡയറക്ടറെ അധികാരപ്പെടുത്തുന്നു.

25. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റഗുലേഷനുകളോ മാർഗ്ഗനിർദ്ദേശങ്ങളോ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടു കൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ സംബന്ധിച്ച വിഷയങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

വി. ഡി. സതീശൻ

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.—ബില്ലിലെ ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ നയിക്കപ്പെടേണ്ട പൊതുതത്വങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംബന്ധിച്ച വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് രൂപീകരിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറം രൂപീകരിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—ജില്ലാതല മുതിർന്ന പൗര സംരക്ഷണ ഫോറത്തിന്റെ ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റ് രൂപീകരിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റിന്റെ ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളുടെ സ്ഥാപനവും പ്രവർത്തനവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—രജിസ്ട്രാറെ നിയോഗിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—മുതിർന്ന പൗര പരിചരണ കേന്ദ്രത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—ഡിജിറ്റൽ പ്ലാറ്റ്ഫോമുകളായോ അവ മുഖേനയോ പ്രവർത്തിക്കുന്ന ഗൃഹപരിചരണ സേവന ഏജൻസികളുടെ തുടർ ബാദ്ധ്യതകൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—ഘട്ടംഘട്ടമായുള്ള സർട്ടിഫിക്കേഷൻ പാലനം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—മുതിർന്ന പൗര പരിചരണത്തിൽ പരിചരണദാതാക്കൾക്കുള്ള പരിശീലനം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—കേരളം വയോജന പരിചരണ സർട്ടിഫിക്കേഷൻ ചട്ടക്കൂട് സ്ഥാപിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—പരിചരണദാതാക്കളുടെ സംസ്ഥാന രജിസ്റ്റർ സൂക്ഷിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—പരിചരണദാതാക്കളുടെ അവകാശങ്ങളും പരാതി പരിഹാരവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—പരിചരണ വിലയിരുത്തൽ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—സൈബർ തട്ടിപ്പിന് ഇരയായിട്ടുള്ള മുതിർന്ന പൗരൻമാർക്കുള്ള പിന്തുണയും ഏകോപനവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—സൈബർ തട്ടിപ്പുമായി ബന്ധപ്പെട്ട അതിവേഗ സംവിധാനത്തെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—മുതിർന്ന പൗരൻമാർക്കുള്ള ഇൻഷ്വറൻസും ദീർഘകാല പരിചരണ പരിരക്ഷയും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള സംസ്ഥാന കരുതൽ നിധി സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—കണക്കുകളും ആഡിറ്റും തയ്യാറാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—വാർഷിക റിപ്പോർട്ടും ഭരണ റിപ്പോർട്ടും തയ്യാറാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—മുതിർന്ന പൗര പരിചരണം, ക്ഷേമം, സംരക്ഷണം എന്നിവ സംബന്ധിച്ച സർക്കാരിന്റെ പൊതു അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

27-ാം ഖണ്ഡം.—മുതിർന്ന പൗരൻമാർ സ്വമേധയായുള്ള സംഭാവനകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

28-ാം ഖണ്ഡം.—ലിവിംഗ് വിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ക്രമീകരണങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

29-ാം ഖണ്ഡം.—പരിചരണ കേന്ദ്രങ്ങളിലെ അന്തേവാസികളുടെ ദഹിപ്പിക്കലിനോ സംസ്കാരത്തിനോ ക്രമീകരണം നടത്തുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

30-ാം ഖണ്ഡം.—ഈ ആക്റ്റിലെയും അതിൻ കീഴിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങളിലെയും മാർഗ്ഗനിർദ്ദേശങ്ങളിലെയും വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ശിക്ഷയെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

31-ാം ഖണ്ഡം.—ഉത്തമ വിശ്വാസത്തോടെ സ്വീകരിക്കുന്ന നടപടിക്കുള്ള സംരക്ഷണം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

32-ാം ഖണ്ഡം.—ചെയർപേഴ്സൺ, അംഗങ്ങൾ, കൺവീനർ, ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവർ പബ്ലിക് സെർവന്റുമാർ ആയിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

33-ാം ഖണ്ഡം.—മറ്റ് നിയമങ്ങളുടെ ബാധകമാക്കൽ വിലക്കപ്പെടുന്നില്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

34-ാം ഖണ്ഡം.—വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

35-ാം ഖണ്ഡം.—ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

36-ാം ഖണ്ഡം.—മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.